# പഞ്ചായത്ത് രാജ്

പുസ്തകം 56 ◆ ലക്കം 3
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജൂൺ 2016



## അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ



# 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

# പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

## നമ്മുടെ ലക്ഷ്യം
## മാലിന്യമുക്ത കേരളം



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ജൂൺ 2016

## ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പുതിയ സർക്കാർ പുതിയ ദിശാബോധം



8 വികസനം പ്രകൃതി സൗഹൃദവും സുസ്ഥിരവുമാക്കും പൊതുസർവ്വീസ് രൂപീകരിക്കും
കെ.ടി. ജലീൽ

10 വ്യക്തിശുചിത്വം(മഴക്കാലാരോഗ്യം) ആയുർവേദത്തിലൂടെ
ഡോ. ജി പി സിദ്ധി




11 കേരളം ഭ്രാന്താലയമാകുകയാണോ?
ഷീല കെ.കെ



13 ഉപരിജല സംഭരണത്തിനൊരു മാതൃക
എം. പത്മകുമാർ

16 വാർഷിക ധനകാര്യപത്രിക സാംഖ്യയിലൂടെ
എം. ഗോപകുമാർ

18 പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും: വിവിധ വകുപ്പുകളുടെ പങ്ക്
ഡോ. രമേഷ്. ആർ



25 കാലാവസ്ഥാ വ്യതിയാനത്തിന്റെ ആസുരതകൾ
വി.കെ. ശ്രീധരൻ



28 യൗവ്വന പ്രതീക്ഷകൾ
ബിനു ഫ്രാൻസിസ്



31 മഴക്കാലം: മഴവെള്ള സംരക്ഷണം രോഗപ്രതിരോധം മുൻകരുതലുകൾ
ജി.കെ. സതീഷ്കുമാർ

33 ഓണാട്ടുകരയിലെ നടീൽ കാലങ്ങൾ
അഭിലാഷ് കരിമുളയ്ക്കൽ

39 സ്വരാജ് ഭവൻമാലിന്യ സംസ്കരണത്തിന്റെ ഉദാത്ത ഓഫീസ് മാതൃകകൾ
അമീർഷ ആർ.എസ്.

# പഞ്ചായത്ത് ജീവനക്കാരുടെ വാട്സപ്പ് കൂട്ടായ്മ വഴി

## ചികിത്സാ ധനസഹായം സ്വരൂപിച്ചു നൽകി



കൊച്ചി അമൃതാ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പ്ലസ് ടു വിദ്യാർത്ഥി സുധീഷ്കുമാറിന് പഞ്ചായത്ത് ജീവനക്കാരുടെ കാരുണ്യത്തിൽ പുതുജന്മം. സംസ്ഥാന വ്യാപകമായി പഞ്ചായത്ത് ജീവനക്കാർ തങ്ങളുടെ സഹപ്രവർത്തകയുടെ മകനുവേണ്ടി തങ്ങളുടെ വരുമാനത്തിൽ നിന്നൊരു ഓഹരി മാറ്റി വയ്ക്കുകയായിരുന്നു. ഇങ്ങനെ സമാഹരിച്ച തുകയുടെ ആദ്യ ഗഡുവായ മൂന്നുലക്ഷം രൂപ ബഹു. പഞ്ചായത്ത് ഡയറക്ടർ ശ്രീമതി ലത, സുധീഷ്കുമാറിന്റെ അമ്മ ഓമനയമ്മാളിന് കൈമാറി.

മാവേലിക്കര ഇലവങ്കരയിലുണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി പരുക്കേറ്റ് അബോധാവസ്ഥയിലായ സുധീഷ് കുമാർ നാലു മാസമായി അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇതുവരെ പതിമൂന്ന് ലക്ഷം രൂപ ചികിത്സയ്ക്കായി ചെലവായി. പ്ലസ് ടുവിന് പഠിക്കുന്ന സുധീഷ് കുമാർ ആലപ്പുഴ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ഓമനയമ്മാളിന്റെയും സുഗതന്റെയും മകനാണ്. ഓമനയമ്മാളിന്റെ വരുമാനം കൊണ്ട് മാത്രം ചികിത്സാ ചെലവ് ചെയ്യുവാൻ സാധിക്കുകയില്ല എന്നതിനാലാണ് സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരും തങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം മാറ്റിവച്ച് രണ്ടാഴ്ചകൊണ്ട് മൂന്നുലക്ഷം രൂപാ സ്വരൂപിച്ചത്. സംസ്ഥാനത്തെ പഞ്ചായത്ത് ജീവനക്കാരുടെ വാട്സപ്പ് കൂട്ടായ്മകളായ പഞ്ചായത്ത് ഗൈഡ്, ഇ-പഞ്ചായത്ത്, പഞ്ചായത്ത് അക്കൗണ്ടന്റ്സ്, സ്വരാജ് എന്നിവയുൾപ്പെടെ മറ്റ് ഗ്രൂപ്പുകൾ വഴിയാണ് സ,ഹായധനം സ്വരൂപിച്ചത്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ വാട്സപ്പ് കൂട്ടായ്മയായ സ്വരാജ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഒരുമണിക്കൂർ കൊണ്ട് 40,000/- രൂപ സഹായധനം സ്വരൂപിച്ച് മാതൃകയായി.

---

# ശ്രീ. ഈപ്പൻ ഫ്രാൻസിസ്

## അഡീഷണൽ ഡയറക്ടറായി ചാർജെടുത്തു



പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറും അന്യത്ര സേവന വ്യവസ്ഥയിൽ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു വരികയും ചെയതിരുന്ന ശ്രീ. ഈപ്പൻ ഫ്രാൻസിസിനെ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി നിയമിച്ചു. അദ്ദേഹം 04.06.2016ന് ചാർജെടുത്തു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2016 | പുസ്തകം 56 | ലക്കം 3 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**സതീഷ് കുമാർ ജി.കെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**സതീഷ് കുമാർ ജി.കെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞു. പുതിയ സർക്കാർ അധികാരത്തിലെത്തി കഴിഞ്ഞു. ശുചിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ട് കേരളത്തെ ഇൻഡ്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഊന്നൽ കൊടുക്കേണ്ടത് ശുചിത്വം, പോഷകാഹാര ലഭ്യത, മുതിർന്ന പൗരൻമാരുടെ സംരക്ഷണം, വാർദ്ധക്യകാല രോഗങ്ങളിൽ നിന്നുള്ള പരിചരണം എന്നിവയ്ക്കാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് സംസ്ഥനത്തെ ഗ്രാമപ്രദേശങ്ങൾ തുറസ്സായ മലമൂത്ര വിസർജ്ജന രഹിത പ്രദേശങ്ങൾ(O.D.F) ആയി പ്രഖ്യപിക്കുന്നതിനും ആയതിന് ആവശ്യമായ പ്രോജക്ടുകൾ വേഗത്തിൽ അംഗീകരിച്ചു നൽകുന്നതിന് സർക്കാർ ഡി.പി.സി കളെ ചുമതലപ്പെടുത്തുകയും ചെയ്തു കഴിഞ്ഞു. 2015-ൽ സംസ്ഥാനത്ത് നടത്തപ്പെട്ട ബേസ് ലൈൻ സർവ്വേയുടെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളിൽ രണ്ട് ലക്ഷത്തോളം കുടുംബങ്ങൾക്ക് ഇനിയും ശൗചാലയ സൗകര്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ സംസ്ഥനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും 2016-17 വാർഷിക പദ്ധതിയിൽ ഇനിയും ശൗചാലയ സൗകര്യം ഇല്ലാത്തതായി ബോദ്ധ്യപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് പുതിയ ഗാർഹിക ടോയ്ലറ്റ് നൽകുന്നതിനുള്ള പ്രോജക്ട് നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇതിൽ വീഴ്ച വരുത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ 2016-17ലെ വാർഷിക പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിക്കില്ല. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ ഫണ്ട് ലഭ്യമാകാൻ വൈകുകയാണെങ്കിൽ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വകയിരുത്തി ഫണ്ട് വരുന്ന മുറയ്ക്ക് തിരികെ വരവ് വയ്ക്കേണ്ടതാണ്.

അതോടൊപ്പം തന്നെ പദ്ധതി പ്രവർത്തനങ്ങളുടെ മന്ദതയിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ കരകയറണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും കാരണം ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ എങ്ങുമെത്താത്ത സ്ഥിതിയാണ്. 102 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് വികസന സെമിനാർ നടത്തിയിട്ടുള്ളത്. 392 ഗ്രാമപഞ്ചാത്തുകളിൽ ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ബഹു ഭൂരിപക്ഷം പഞ്ചായത്തുകളും പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നു. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം. ഭരണസമിതികളും, ഉദ്യോഗസ്ഥരും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

# പുതിയ സർക്കാർ
# പുതിയ ദിശാബോധം




ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലെത്തിയത് നിറഞ്ഞ മനസ്സോടെയാണ് കേരളം കണ്ടത്. ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ അഴിമതിമുക്ത വികസിത നവകേരളം യാഥാർത്ഥ്യമാക്കുകയാണ് പുതിയ സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യം. കക്ഷി രാഷ്ട്രീയത്തിനും ജാതി–മത വ്യത്യാസ ങ്ങൾക്കും അതീതമായി എല്ലാ ജനങ്ങളു ടെയും സർക്കാരാണ് പുതിയ സർക്കാ രെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പിലെ രാഷ്ട്രീയ മത്സരം കഴിഞ്ഞു. ഇനി നാടിന്റെ പുരോഗതിക്കും സമാധാനത്തിനും ക്ഷേമത്തിനും വേണ്ടി എല്ലാ ജനങ്ങളും ഒരുമിച്ച് പ്രവർത്തിക്കണ മെന്നാണ് അദ്ദേഹത്തിന്റെ സന്ദേശം. പുതിയ മുഖ്യമന്ത്രിയിൽ നിന്ന് പൊതു സമൂഹം കാംക്ഷിക്കുന്നതും സമവായത്തിന് മുൻതൂക്കമുള്ള ഭരണത്തിന് തന്നെയാണ്. പ്രഗൽഭരും അനുഭവ സമ്പത്തുള്ളവരുമായ മന്ത്രിമാരോടൊപ്പം പുതുമുഖങ്ങളുടെ ഒരു നിര തന്നെ മുന്നോട്ടു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചരിത്രത്തിലാദ്യമായി രണ്ടു വനിതകൾക്ക് മന്ത്രിസഭയിൽ ഇടം കൊടുത്തതും സ്ത്രീശാക്തീകരണത്തിലേ യ്ക്കുള്ള നിർണായകമായ ചുവടുവെയ്പ് തന്നെയാണ്. സിവിൽ സർവ്വീസിലും ജാഗ്രത വേണമെന്ന സന്ദേശം മുഖ്യമന്ത്രി നൽകി കഴിഞ്ഞു. ഫയലുകളിൽ അനാവശ്യ കാലതാമസം വരുത്തുന്നതും ഗൗരവമായി കാണണമെന്ന് അദ്ദേഹം അറിയിച്ചു എല്ലാ വിഭാഗം ജനങ്ങൾക്കും അന്തസ്സോടും അഭിമാനത്തോടും ആത്മാഭിമാനത്തോടും കൂടി സഞ്ചരിക്കാനും ജീവിക്കാനും കഴിയുന്ന നാടിനു വേണ്ടിയുള്ള ചുവടുവയ്പുകൾ ഉണ്ടാകുമെന്ന് ഏവരും പ്രതീക്ഷിക്കുന്നു.


# മന്ത്രിമാരും വകുപ്പുകളും



**ശ്രീ. പിണറായി വിജയൻ**
മുഖ്യമന്ത്രി,ആഭ്യന്തരം,പൊതുഭരണം



**ശ്രീ. ടി. എം. തോമസ് ഐസക്ക്**
ധനവകുപ്പ്




**ശ്രീ. ഇ. ചന്ദ്രശേഖരൻ**
റവന്യൂ



**ശ്രീമതി. കെ. കെ. ശൈലജ**
ആരോഗ്യം



**ശ്രീ. വി. എസ്. സുനിൽ കുമാർ**
കൃഷി



**ശ്രീ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസം



**ശ്രീ. എ. കെ. ശശീന്ദ്രൻ**
ഗതാഗതം




**ശ്രീ. ജി. സുധാകരൻ**
പൊതുമരാമത്ത്



**ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ**
ഫിഷറീസ്



**ശ്രീ. കെ. രാജു**
വനം, പരിസ്ഥിതി



**ശ്രീ. മാത്യു. ടി. തോമസ്**
ജലവിഭവം




**ശ്രീ. കെ. ടി. ജലീൽ**
തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി



**ശ്രീ. എ. കെ. ബാലൻ**
നിയമം, പിന്നോക്കക്ഷേമം



**ശ്രീ. ഇ. പി. ജയരാജൻ**
കായികം, വ്യവസായം



**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
തുറമുഖം,പുരാവസ്തു



**ശ്രീ. എ. സി. മൊയ്തീൻ**
സഹകരണം, വിനോദസഞ്ചാരം



**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
വൈദ്യുതി,ദേവസ്വം



**ശ്രീ. പി. തിലോത്തമൻ**
ഭക്ഷ്യം, പൊതുവിതരണം



**ശ്രീ. ടി. പി. രാമകൃഷ്ണൻ**
എക്സൈസ്, തൊഴിൽ




**കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി


# വികസനം

## പ്രകൃതി സൗഹൃദവും സുസ്ഥിരവുമാക്കും പൊതുസർവ്വീസ് രൂപീകരിക്കും

മണ്ണും മനുഷ്യനും തമ്മിലുള്ള ആത്മബന്ധമായിരുന്നു നൂറ്റാണ്ടുകളോളം നമ്മുടെ നാടിന്റെ ജീവിതതാളം നിർണയിച്ചിരുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം ചൂഷകചൂഷിത സങ്കൽപത്തിലേക്ക് ചുരുങ്ങാതിരുന്ന അക്കാലത്ത് സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ പ്രവർത്തനങ്ങളുടെയും സ്ഥലീയമായ ഏകകം 'നാടു'കളായിരുന്നു. സ്വാശ്രയത്വത്തിന്റെ പ്രസന്നഭാവം 'നാടു'കളിലെങ്ങും സ്ഫുരിച്ചിരുന്നു. ആത്മാഭിമാനത്തിന് മങ്ങലേൽപ്പിക്കും വിധമുള്ള ആശ്രിതത്വം അക്കാലത്ത് ഉണ്ടായിരുന്നില്ല. സ്വാശ്രയത്വത്തിന്റെ ചൈതന്യമുള്ള ആത്മാഭിമാനത്തിന്റെ ഓജസ്സുള്ള ജനതയെ കീഴ്പ്പെടുത്തുവാനും കോ



ളനീകരിക്കുവാനും ബ്രിട്ടീഷുകാർക്ക് എളുപ്പം സാധിക്കുമായിരുന്നില്ല. നാടുകളുടെ സാമൂഹ്യ സാമ്പത്തികസാംസ്കാരിക ഘടന ശിഥിലീകരിച്ച് ജനതയുടെ ബോധമണ്ഡലത്തിൽ നിന്ന് സ്വാശ്രയചിന്തയെ തുടച്ചുമാറ്റുക എന്നായിരുന്നു അധീശത്വമുറപ്പിക്കാൻ ബ്രിട്ടീഷുകാർ പയറ്റിയ മുഖ്യഉപായം. അതിനു വേണ്ടി സർവേകളിലൂടെ നാടുകളുടെ ജൈവീകാതിർത്തികൾ അവർ ശിഥിലീകരിച്ചു. ശിഥിലമായ നാടുകൾ ഭരണാതിർത്തിക്കുള്ളിൽപ്പെട്ട് വീർപ്പുമുട്ടി. നാടിനും നാട്ടുകാർക്കും പങ്കാളിത്തമുള്ള ആസൂത്രണവും പ്രദേശികമായ ആവശ്യങ്ങളുടെ പൂരണത്തിനു വേണ്ടിയുള്ള ജനകീയ സഹകരണവും പുനസ്ഥാപിക്കാനാണ് പഞ്ചായത്ത് രാജ് സമ്പ്രദായം നിലവിൽ വന്നത്. ബ്രിട്ടീഷുകാർ അവശേഷിപ്പിച്ച് പോയ കേന്ദ്രീകൃത വികസനഭരണ സങ്കൽപങ്ങളിൽ നിന്ന് ഒട്ടൊക്കെ പുറത്തുകടക്കാൻ നമുക്കായിട്ടുണ്ടെങ്കിലും ഈ ദിശയിൽ നാം ഇനിയും ഏറെ മുന്നേറേണ്ടതുണ്ട്.

മണ്ണും മനുഷ്യനും തമ്മിലുള്ള വേർപെടലിന്റെയും അതുവഴി വന്നുഭവിച്ച പരാശ്രിതത്വത്തിന്റെയും ദൂഷ്യങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്ന സംസ്ഥാനമാണ് കേരളം. സ്വത്വത്തിനു പകരം അപരത്വം അണിയുക വഴി തലമുറകളായി കാത്തുസൂക്ഷിച്ചുപോന്ന നാട്ടറിവും ഒന്നൊന്നായി മലയാളിക്ക് കൈമോശം വന്നു കൊണ്ടിരിക്കുന്നു. ആഗോള പ്രസിദ്ധമായ ആറന്മുള കണ്ണാടിയുടേതുപോലെ ഇനിയും കൈമോശം വന്നിട്ടില്ലാത്ത പരമ്പരാഗത വിദ്യകൾ കൈമുതലായി ഇവിടെ അവശേഷിക്കുന്നുണ്ട്. ഇവ എക്കാലത്തേയ്ക്കുമായി സംരക്ഷിക്കപ്പെടണം. വിസ്മൃതിയുടെ വക്കിലെത്തി നിൽക്കുന്ന പലനാട്ടറിവുകളെയും വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇത്തരം അറിവുകൾ അടിസ്ഥാനപ്പെടുത്തി എല്ലാ ഗ്രാമങ്ങളിലും പ്രകൃതി സൗഹൃദ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിച്ച് സാമ്പത്തിക സ്വാശ്രയത്വത്തിന് ഊർജം പകരാനാവണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർണായക പങ്ക് വഹിക്കാനാവും.

കോൺക്രീറ്റ് വിത്തുകൾ മുളപ്പിക്കാനൊരുക്കി നിർത്തിയ മണ്ണിൽ ഒറ്റയ്ക്കും കൂട്ടായും അന്നം വിളയിച്ചെടുക്കാൻ നമുക്കാവണം. പുതുതലമുറ മണ്ണിന്റെ മണമറിഞ്ഞ് വളരണം. വികസനം പ്രകൃതി സൗഹൃദവും സ്വാശ്രയശീലങ്ങൾക്ക് അനുഗുണവും സുസ്ഥിരവുമാകണം.

വിശാലമായ ഈ കാഴ്ചപ്പാടാണ് ഈ സർക്കാറിന്റെ കർമപദ്ധതികളുടെ അടിസ്ഥാനം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇവ യാഥാർഥ്യമാക്കുന്നതിൽ ഏറെ പങ്ക് വഹിക്കാനുണ്ട്. സ്വായശ്രയത്വത്തിലധിഷ്ഠിതമായ വികസന പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കു വഹിക്കേണ്ടത് പഞ്ചായത്തുകളാണ്. മുമ്പ് ഇടതുമുന്നണി സർക്കാർ തുടങ്ങിവെച്ച ജനകീയാസൂത്രണ പദ്ധതി വഴി പങ്കാളിത്ത വികസന സങ്കല്പത്തിന്റെ പ്രായോഗികമാതൃകകൾ ആഗോള ശ്രദ്ധനേടിയിരുന്നു. ഇടക്കാലത്ത് മങ്ങലേറ്റ ഈ പദ്ധതി രണ്ടാം ജനകീയാസൂത്രണം എന്ന പേരിൽ ശാക്തീകരിക്കും. നിർത്തട ആസൂത്രണം, മാലിന്യ സംസ്കരണം, ജൈവപച്ചക്കറികൃഷി എന്നിവയ്ക്ക് പ്രാധാന്യം നല്കുന്ന ജനകീയാസൂത്രണത്തെ തൊഴിലുറപ്പ് പദ്ധിതിയുമായും കുടുംബശ്രീ പ്രവർത്തനങ്ങളുമായും സംയോജിപ്പിക്കേണ്ടതുണ്ട്. താഴെ തട്ടിൽ നിന്നുള്ള ആസൂത്രണം ഫലപ്രദമാക്കാൻ ഗ്രാമസഭകളെ ശാക്തീകരിക്കണം. അത് വഴി അഴിമതിക്കെതിരെയുള്ള ജനകീയ പ്രതിരോധം ശക്തമാക്കാൻ കഴിയണം .

ഭക്ഷ്യസുരക്ഷയും സ്വയം പര്യാപ്തതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ജൈവ പച്ചക്കറി കൃഷിയുടെ പ്രാധാന്യം ജനകീയ കാമ്പൈനിലൂടെ പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിക്കണം.

മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനാണ് പ്രഥമ പരിഗണന നല്കേണ്ടത്. മാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു ഊന്നൽ നല്കണം. ഇതിനായി ജനകീയ കാമ്പയിന് വൈകാതെ തുടക്കമിടും.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുവാനും വേതന വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കാനുമുള്ള നടപടികൾ ഊർജിതപ്പെടുത്തും. ഇ.എം.എസ്. പാർപ്പിട പദ്ധതിയിലൂടെ ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർഥ്യമാക്കാനാകും. .

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതിപിരിവും നികുതിയേതര ഫീസുകളുടെ പിരിവും ഊർജിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പൊതു സർവീസ് ആരംഭിക്കും. ഇഗവേർണൻസിലൂടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സത്വര പരിഗണന നല്കും. അഴിമതി രഹിത തദ്ദേശ ഭരണം ഉറപ്പു വരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് പ്രയോജനപ്പെടുമല്ലോ.

പ്രകൃതി സൗഹൃദ വികസന പദ്ധതികളിലൂടെ ശുചിത്വവും സ്വാശ്രയശീലവുമുള്ള ഗ്രാമങ്ങളെ പുന:സൃഷ്ടിക്കാനുള്ള ഈ സർക്കാറിന്റെ ഉദ്യമങ്ങളിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.



# വ്യക്തിശുചിത്വം (മഴക്കാലാരോഗ്യം) ആയുർവേദത്തിലൂടെ

ഡോ. ജി. പി. സിദ്ധി

വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. പക്ഷേ ഓരോ വർഷവും കാലാവസ്ഥാജന്യ രോഗാതുരതയുടെ കാര്യമെടുത്താലോ; അതിലും മുന്നിൽ. പുതിയ രോഗങ്ങളും പഴയ രോഗങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും പ്രകടമാകുന്നു. മനുഷ്യന്റെ രോഗപ്രതിരോധ സംവിധാനത്തിൽ പാളിച്ച പറ്റിയിരിക്കുന്നു എന്നതിന്റെ തെളിവാണിത്.


രോഗപ്രതിരോധത്തിൽ ശുചിത്വത്തിന് ചെറിയ സ്ഥാനമൊന്നുമല്ല താനും. കേരള മോഡൽ ശുചിത്വം കേരള മോഡൽ ആരോഗ്യം എന്നൊക്കെ അഭിമാനപൂർവ്വം പറയുന്ന നമ്മൾ ശുചിത്വ ആരോഗ്യ ശീലങ്ങളിൽ ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

തനത് ശൈലികൾ വിട്ട് ആധുനികതയിലേക്ക് പോകുമ്പോൾ സഹജവും ആർജിതവുമായ രോഗപ്രതിരോധ സംവിധാനം തകരാറിലാകുന്നു.

ആയുർവേദം ഒരു ചികിത്സാശാസ്ത്രമെന്നതിനുപരി ഒരു ജീവനശാസ്ത്രമാകുന്നു. ആയതിനാൽ ചികിത്സയെക്കാൾ രോഗപ്രതിരോധത്തിന് പ്രാധാന്യമുണ്ട്. വ്യക്തിശുചിത്വത്തിൽ ആയുർവ്വേദം ആന്തരികവും ബാഹ്യവുമായ ശാരീരിക ശുചിത്വവും മാനസിക ശുചിത്വവും പാലിക്കുവാൻ വിധിക്കുന്നു. മഴക്കാലത്ത് രോഗകാരകമായ ബാഹ്യഘടകങ്ങൾ വളരെ ശക്തമാണ്. അവയെ ചെറുക്കുവാൻ തക്കവിധം നമ്മൾ തയ്യാറല്ലാത്തിടത്തോളം രോഗാതുരത ഏറുന്നു.

ശുചിത്വ ശീലങ്ങൾ ഓരോ ദിവസവും എപ്രകാരം ആയിരിക്കണമെന്നും കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് എപ്രകാരമായിരിക്കണമെന്നും ദിനചര്യ, ഋതുചര്യ

*ശേഷം 36-ാം പേജിൽ*



# കേരളം ഭ്രാന്താലയമാകുകയാണോ?

ഷീല കെ.കെ

ജൂൺ 1-ാം തീയതി സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് പ്രവേശനോത്സവം സംഘടിപ്പിച്ചിരുന്നുവല്ലോ. പ്രവേശനോത്സവത്തോടനുബന്ധിച്ച് സ്കൂളുകളുടെ സമീപത്ത് വാഹനങ്ങൾ റോഡിന്റെ രണ്ടു സൈഡിലും പാർക്ക് ചെയ്തിരുന്നുവെങ്കിലും പോലീസുകാർ ഉള്ളതുകൊണ്ട് ബസ് യാത്രയ്ക്ക് തടസ്സം നേരിടേണ്ടി വന്നില്ല. എന്നാൽ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ മണിക്കൂറുകളോളം യാത്രയ്ക്ക് തടസ്സം നേരിട്ടു. ആ സമയം മറുവശത്തുകൂടി എതിർ ദിശയിലേയ്ക്ക് പോകുന്ന സ്വകാര്യ വാഹനങ്ങളിലേയ്ക്ക് ശ്രദ്ധിച്ചപ്പോഴാണ് കേരള സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് മനസ്സിൽ വ്യാകുലത ഉണ്ടായത്. എല്ലാ കാറുകളിലും മറ്റു വാഹനങ്ങളിലും മുൻസീറ്റിൽ അച്ഛനും അമ്മയും കൊച്ചുകുട്ടിയും പിറകിൽ യൂണിഫോമിൽ സ്കൂളിൽ പോകുന്ന കുട്ടിയും. ചില വണ്ടികളിൽ പിറകിൽ ഒന്നിനു പകരം രണ്ടു കുട്ടികൾ യൂണിഫോമിലും. അങ്ങിനെ ധാരാളം വണ്ടികൾ ഒന്നിനു പിറകെ ഒന്നായി നീങ്ങുന്നു. നമ്മുടെ റോഡുകൾക്ക് ജൂൺ ഒന്നിലെ പ്രസ്തുത സമയത്ത് നിരത്തിലിറങ്ങിയ ഇത്തരം വാഹനങ്ങളുടെ ബാഹുല്യം താങ്ങാവുന്നതിൽ അധികമായിരുന്നു. കേരളത്തിലെ ഒട്ടുമിക്ക സ്ഥലങ്ങളിലെയും അവസ്ഥ ഇതുതന്നെയാണ്. എന്തിനാണ് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഇത്രയേറെ ആധിയും വ്യാകുലതയും മാതാപിതാക്കൾക്ക് ഉണ്ടാകുന്നത്? ഇതുകണ്ടാൽ കഴിഞ്ഞ നാലഞ്ചു വർഷങ്ങൾക്ക് മുൻപുവരെ നമ്മുടെ നാട്ടിൽ ആരും വിദ്യ അഭിസിച്ചിട്ടുണ്ടായിരുന്നില്ലെന്ന് തോന്നിപോകും.

പണ്ടുകാലം മുതൽ എത്രയോ



പണ്ഡിതൻമാരേയും മഹാകവികളെയും സാഹിത്യകാരന്മാരേയും മറ്റുപല ശ്രേഷ്ഠ പ്രമുഖരേയുംകൊണ്ട് സമ്പന്നമായ നാടാണ് നമ്മുടെ കേരളം. അന്നും മാതാപിതാക്കൾ അവരെയൊക്കെ സാധാരണ സ്കൂളുകളിൽ ചേർക്കുകയും തങ്ങളാൽ കഴിയുന്ന സഹായം കുട്ടികളുടെ പഠനകാര്യത്തിന് നൽകുകയും ചെയ്തിരുന്നു. അന്നത്തെ അധ്യാപകർ നന്നായി വിദ്യ അഭ്യസിപ്പിക്കുന്നതോടൊപ്പം സമൂഹനന്മയ്ക്കുതകുന്ന നല്ല കാര്യങ്ങളും കുട്ടികൾക്ക് പകർന്നു നൽകിയിരുന്നു. അധ്യാപകരുടെ കുട്ടികളും അതേ സ്കൂളുകളിൽ മറ്റുകുട്ടികൾക്കൊപ്പം പഠിച്ചുവരുന്നത് അന്നത്തെ പതിവായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? അദ്ധ്യാപകരുടെ കുട്ടികൾ അസാധാരണ സ്കൂളുകളിലാണ് പഠിക്കുന്നത്. മാതാപിതാക്കളുടെ അതിരുകടന്ന ആകുലത തങ്ങളുടെ കുട്ടികളുടെ സർഗവാസനയ്ക്ക് എതിരാകുകയും അവരുടെ സർഗശേഷിയെ പ്രതികൂലമായി ബാധിച്ച് വിദ്യാഭ്യാസകര്യത്തിൽ പിന്നോക്കാവസ്ഥ സൃഷ്ടിച്ച് ആത്മഹത്യാ പ്രവണതയിലേയക്കുവരെ നയിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള മാനസിക പിരിമുറുക്കം കുട്ടികളിലേയ്ക്കും തന്മൂലം മാതാപിതാക്കളിലേയ്ക്കും തുടർന്ന് സമൂഹത്തിലേയ്ക്കും വ്യാപിക്കുകയും ഒരുതരം വിഭ്രാന്തിയിലേയ്ക്കു നയിച്ച് കേരളത്തെ ഭ്രാന്താലയമാക്കിമാറ്റുകയും ചെയ്യും. സർക്കാർ ഓഫീസുകളിൽ പോലും ജൂൺ ഒന്നിന് ഹാജർനില വളരെ കുറവാണ്. കാരണം മുകളിൽ പറഞ്ഞതുതന്നെ. കുട്ടികളെ സാധാരണ സ്കൂളുകളിൽ അയച്ച് അവർക്ക് ഇഷ്ടപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്ന കുറച്ചുപേരെങ്കിലും ഈ സമൂഹത്തിലുണ്ടെന്നുള്ളത് നമുക്ക് അഭിമാനകരമാണ്.

ഈ വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളെ ഉപയോഗപ്പെടുത്തി സർക്കാർ ഉദ്യോഗസ്ഥർ അടക്കമുള്ള മാതാപിതാക്കളെയും അദ്ധ്യാപകരെയും ബോധവത്ക്കരിച്ച് അവരുടെ മനസ്സിലെ ആധിയും ഉത്ക്കണ്ഠയും അകറ്റി നല്ല ഒരു അന്തരീക്ഷം വിദ്യാഭ്യാസ രംഗത്ത് സംജാതമാക്കുവാൻ അവസരമൊരുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

*എറണാകുളം ഡ്യൂട്ടി പ്ലാനിംഗ് ഓഫീസറാണ് ലേഖിക*

**മാതാപിതാക്കളുടെ അതിരുകടന്ന ആകുലത തങ്ങളുടെ കുട്ടികളുടെ സർഗവാസനയ്ക്ക് എതിരാകുകയും അവരുടെ സർക്ഷശേഷിയെ പ്രതികൂലമായി ബാധിച്ച് വിദ്യാഭ്യാസകര്യത്തിൽ പിന്നോക്കാവസ്ഥ സ്വൃഷ്ടിച്ച് ആത്മഹത്യാ പ്രവണതയിലേയക്കുവരെ നയിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള മാനസിക പിരിമുറുക്കം കുട്ടികളിലേയ്ക്കും തന്മൂലം മാതാപിതാക്കളിലേയ്ക്കും തുടർന്ന് സമൂഹത്തിലേയ്ക്കും വ്യാപിക്കുകയും ഒരുതരം വിഭ്രാന്തിയിലേയ്ക്കു നയിച്ച് കേരളത്തെ ഭ്രാന്താലയമാക്കിമാറ്റുകയും ചെയ്യും.**




# ഉപരിജല സംഭരണത്തിനൊരു മാതൃക

**എം. പത്മകുമാർ**

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാദ്ധ്യതകളെ നേരത്തെ കണ്ടറിഞ്ഞ് ഉപരിതല ജല സംഭരണത്തിനായി പുതിയ രീതി അവലംബിച്ചിരിക്കുകയാണ്. തൃശൂർ ജില്ലയുടെ ഒരറ്റത്ത് കടുത്ത വരൾച്ച നേരിടുന്ന തിരുവിലാമല ഗ്രാമപഞ്ചായത്തും പഴയന്നൂർ ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നതാണ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്. അതിരിലൂടെ ഗായത്രി പുഴയും, ഭാരത പുഴയും നിറഞ്ഞൊഴുകുന്ന പ്രദേശത്താണ് കടുത്ത വരൾച്ചയും ഉണ്ടാകുന്നത്. കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഭൂഗർഭ ജലം മാത്രമാണെന്ന ധാരണയിൽ നിൽക്കുമ്പോൾ, ഭൂഗർഭജല വിതാനം കുറയുന്നതിന്റെ ഗുരുതര പ്രതിസന്ധിയാണ് നാം അഭിമുഖീകരിക്കുന്നത്. പരിഹാരം എന്നത് പരമാവധി ഉപരിതല ജല സംഭരണ പ്രവർത്തികൾ മാത്രമാണ്.

ഈ ഘട്ടത്തിലാണ് പഴയന്നൂർ ബ്ലോക്ക് പരിധിയിലെ വള്ളത്തോൾ നഗർ, പാഞ്ഞാൾ, ചേലക്കര, കൊണ്ടാഴി, പഴയന്നൂർ, തിരുവിലാമല ഗ്രാമപഞ്ചായത്തുകളിലായി ഒരു പക്ഷേ മാതൃക പദ്ധതിയായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി തുറസ്സായ കിണർ പണിയുക എന്ന ആശയം ഉയർന്നുവരുന്നത്. 387 കിണറുകൾ നിർമ്മിക്കുക എന്ന ലക്ഷ്യവുമായിട്ടാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. 48375 തൊഴിൽ ദിനങ്ങളും ലക്ഷ്യം വെച്ചു. കഴിഞ്ഞവർഷം 127 കിണറുകളും ഈ വർഷം 327 കിണറുകളും പണിത് പൂർത്തിയാക്കി. ഇനിയും 50 കിണറുകൾ പണി തുടർന്നുവരുന്നു. ആകെ 504 കിണറുകൾ ജൂൺ 30നകം പൂർത്തിയാക്കുകയാണ്. ഒറ്റയടിക്ക് ഇത്രയേറെ മഴവെള്ളം സംഭരിച്ച് സംരക്ഷിക്കുവാൻ കഴിയുക എന്നത് മഹാസംരംഭമായി ഇതിനകം തന്നെ ബ്ലോക്ക് പഞ്ചായത്തിന് അഭിമാനമായി മാറുകയാണ്. സംയോജനസാദ്ധ്യതകളും ആസ്തി നിർമ്മാണ പ്രവർത്തികളും കൂടിയാകുമ്പോൾ കിണറുകളെല്ലാം തന്നെ ലക്ഷണമൊത്തവയായി മാറും. വിത്തെടുത്ത് കുത്തുക എന്ന ഭൂഗർഭ ജല ചൂഷണത്തിന് മറുമരുന്നായി ഇത് മാറ്റപ്പെടുകയാണ്.

ഇതോടൊപ്പം പണി പൂർത്തിയാക്കിയ 504 കിണറുകളും, പുര





യിടങ്ങളിലെ മറ്റ് കിണറുകളും ഭൂമിയെന്ന ഏറ്റവും നല്ല അരിപ്പയെ ഉപയോഗപ്പെടുത്തി മഴവെള്ള കൊയ്ത്തിന് ഉപയുക്തമാക്കുകയാണ്. ഈ മൺസൂണിലെ പെയ്തിറങ്ങുന്ന മഴയാകെ കൊയ്തെടുത്ത് മണ്ണിലാഴ്ത്തി സംഭരിക്കുവാൻ വാട്ടർ റീചാർജ്ജ് പരിപാടി കൂടി നടപ്പിലാക്കുന്നു. ഇതിനുപുറേ പ്രധാനപ്പെട്ട മുഴുവൻ ജലാശയത്തേയും നവീകരിക്കുവാനും മഴവെള്ളസംഭരണിയാക്കുവാനും കഴിഞ്ഞു. 10 വർഷത്തിനുശേഷമുള്ള നാടിനുവേണ്ടി 8000 വൃക്ഷത്തൈകൾ പാതയോരങ്ങളിൽ വെച്ചുപിടിപ്പിച്ചു.

പഴയന്നൂർ ബ്ലോക്കിലെ തിരുവില്വാമല ഗ്രാമ പഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തിയാണ് "ഹരിത കേരളം നഴ്സറി നിർമ്മാണം". നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ ഫലവൃക്ഷങ്ങളെ നിലനിർത്തുന്നതിനും അതോടൊപ്പം പ്രകൃതിയിലെ പച്ചപ്പ് നിലനിർത്തുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാണ്. ഇന്ന് നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന നാടൻ മാവിനങ്ങൾ പ്ലാവ്, കശുമാവ്, പേര, നെല്ലി, എന്നിവയോടൊപ്പം തന്നെ ചാമ്പക്ക, സപ്പോട്ട, മുരിങ്ങ, സീതപ്പഴം, എന്നീ ഫലവൃക്ഷത്തൈകൾ ഇതിന്റെ ഭാഗമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് വീടുകളിലും പൊതുസ്ഥലങ്ങളിലും നട്ടുവളർത്തുന്നതിന്റെ ഭാഗമായി ഫലസമൃദ്ധിയും പച്ചപ്പും നമുക്ക് ലഭ്യമാകുന്നു. ഈ പ്രവൃത്തിയിലൂടെ ആഗോളതാപനം ഇല്ലാതാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ഒരു പരിധിവരെ പഞ്ചായത്തിന് സാധിച്ചു.

തിരുവില്വാമല ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന് ഇരുവശവുമായി ഒഴുകുന്ന ഭാരതപ്പുഴയിലും ഗായത്രി പുഴയിലുമായി കൊണ്ട് 14 സെ.മീ. പെർമനന്റ് തടയണകൾ നൈലോൺ വലയും മണൽ നിറച്ച ചാക്കുകളും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി സാധിച്ചു. ഈ തടയണകൾ മൂലം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക മേഖലക്കാവശ്യമായ ജലസേചനം നടത്തുന്നതിനും പദ്ധതിയേറെ ഗുണകരമായിരുന്നു. മാത്രവുമല്ല പ്രദേശവാസികൾക്കു കുളിക്കാനും മറ്റാവശ്യങ്ങൾക്കുമുള്ള വെള്ളം പുഴയിൽ വിവിധ ഭാഗങ്ങളിലായി തടഞ്ഞു നിർത്തുന്നതിനും ഇതു വഴി സാധിച്ചിട്ടുണ്ട്. വേനൽക്കാലത്ത് തീർത്തും വറ്റിവരണ്ടുപോകാറുള്ള പുഴകൾക്ക് ഇതിലൂടെ പുതുജീവൻ ലഭിച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരിക്കുന്നതിന് കർഷകരുടേയും മറ്റു പ്രദേശവാസികളുടേയും പൂർണ്ണ പിന്തുണ ലഭിക്കുകയുണ്ടായി.



ഇതെല്ലാം ചേർത്ത് 'നാടിനു വേണ്ട നീര്' ഉറപ്പാക്കാൻ കഴിയാവുന്ന ബൃഹത്തായ കർമ്മപദ്ധതി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുകയാണ്. തൃശൂർ ജില്ലയിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ നടക്കുന്ന ഏക ബ്ലോക്ക് പഴയന്നൂർ ആണ്. കുമാരി വി. തങ്കമ്മയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയും ബ്ലോക്ക് പ്രോഗ്രാം ഓഫീസറായ വി.ജെ. ജോസഫിന്റെ ചുമതലയിൽ തൊഴിലുറപ്പ് സംവിധാനവും ചേർന്ന് ഈ നേട്ടങ്ങൾ നാടിനും വരും തലമുറയ്ക്കും വേണ്ടി കൈവരിക്കുകയാണ്. തൊഴിൽദിനങ്ങളും ആസ്തിയും മാത്രമാകാതെ നാടിന്റെ നാളെയും കൂടിചേർത്ത് പുതിയ മാതൃക സൃഷ്ടിക്കപ്പെടുകയാണ്.

*പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്*
*വൈസ് പ്രസിഡന്റാണ് ലേഖകൻ*

**ഷീജാ ഷെരീഫ്**
തുമ്പമൺ ഗ്രാമഞ്ചായത്ത്
MGRNEGS

# മമ മലയാളം

മാറ്റേറും അക്ഷരമുത്തുകൾകോർത്തൊരു
മണിമാലയാണെന്റെ മാതൃഭാഷ
മണ്ണിലും മനസ്സിലും നന്മ നിറഞ്ഞൊരു
മലയാള നാടിന്റെ പൈതൃക ഭാഷ
മാറോടുചേർത്തണച്ചെന്നും മലയാളി
മൗനമായ് പ്രണയിക്കും മലയാളഭാഷ
മഴവില്ലുപോൽ മാസ്മരഭംഗിയേറും
മനോഹരിയാണെന്റെ മധുരഭാഷ
മാമലദേശത്തിൽപതിന്നാലുനാട്ടിലും
മണ്ണിന്റെ മണ്ണമുള്ള ദ്രാവിഡഭാഷ
മാലോകരൊക്കെയും കൗതുകമോടെ
മൊഴിയുവാൻകൊതിക്കുന്ന മോഹഭാഷ
മണ്ണിലെഴുതീ പഠിച്ചു മലയാളി
മനസ്സിൽപതിയിച്ച മന്ത്ര ഭാഷ
മനംനിറഞ്ഞഭിമാനമോടെയെന്നും
മഹാമനീഷിയാം ശ്രേഷ്ഠ ഭാഷ
മാനത്തമ്പിളിക്കലപോലെപ്പൊഴും
മാനവർക്കേകും വെളിച്ചമീ ഭാഷ
മലയാളിമനസ്സിലെന്നുമാനന്ദമായ്
മാമാങ്കമായീ പവിത്രഭാഷ
മാവേലിനാടിനെന്നും സമൃദ്ധിയായ്
മണികിലുക്കംപോലുള്ള നാട്ടുഭാഷ
മുല്ലപ്പൂവുപോ ൽസൌരഭ്യംപരത്തീ
മഴയായ്പെയ്തിറങ്ങും സാഹിത്യഭാഷ
മലകളും പുഴകളും വയലുകളും
മരതക കാന്തിയേറിടും ഭാഷ
മാലിന്യമില്ലാത്ത മനസ്സുകൾക്കുള്ളിലെ
മണിച്ചെപ്പിലുള്ളൊരു നല്ലഭാഷ.
മഹത്വമേറുമീ മഹനീയഭാഷയെ
മാതൃകപോലെന്നും സ്നേഹിക്ക നാം.
മംഗളം മംഗളം സംസ്ക്കാരഭാഷക്ക്
മംഗളം മംഗളം പരിശുദ്ധഭാഷക്ക്.

# ശ്രേഷ്ഠം മലയാളം

അമ്മിഞ്ഞപ്പാലുപോൽഗുണമേറുമൊരു ഭാഷ
അമൃതുപോൽ മാധുര്യമേറുന്നൊരു ഭാഷ
അറിവേറും ഗുരുക്കന്മാർ പകർന്നുതന്നൊരു
അനുഗ്രഹ ദീപമാണെന്റെ ഭാഷ
അമ്പത്താറക്ഷരമുത്തുകളായെന്റെ
അകതാരിലാനന്ദം വിടർത്തും ഭാഷ.
ആദ്യമായ് കുരുന്നു.കൾപഠിക്കുമീ
അക്ഷരവർണ്ണങ്ങ.ൾ മണ്ണിലെന്നും
അശ്വതിതൊട്ടിരുപത്തേഴുനാളുകൾ
അത്തവും ചിത്തിര ചോതിയുമെല്ലാം
അച്ഛനാണെന്നും തുഞ്ചത്തെഴുത്തച്ഛൻ
ആയിരമായിരം വളർത്തച്ഛന്മാരും
ആഗോളമാകെ നിറയുംമലയാളിക്ക്
ആനന്ദമൊഴികളാണെന്റെ ഭാഷ
അറിയാതെമൊഴിഞ്ഞുവികലമാക്കല്ലേ
അഴകോടെ മൊഴിഞ്ഞു വികൃതമാക്കല്ലേ
സാഹിത്യലോകത്തിലെന്നുംവേറിട്ട
സംസ്ക്കാരത്തനിമയാണെന്റെ ഭാഷ
സൌന്ദര്യസങ്കല്പ ലോകത്തിലെന്നും
സ്വപ്നമാം വിശ്വസുന്ദരിയാണെന്റെ ഭാഷ
സാഫല്യമായൊരു ജന്മത്തിലെ
സൗഭാഗ്യ ജീവനാമെന്റെ ഭാഷ
സേവനംഅവകാശമാക്കിയമണ്ണിൽ
സുതാര്യമാക്കുവാനീ ഭരണഭാഷ
സാഹിത്യകാരന്മാരേറെയുള്ള
സംസ്കാരസമ്പന്നയാണെന്റെ ഭാഷ
സുകൃതമായെന്നും കേരളനാടിന്
സുന്ദരമായൊരു സംസാരഭാഷ
സംഗീതമായെന്നും കർണ്ണങ്ങളിൽ
സായൂജ്യമേകിടും മനസ്സുകളിൽ
സത്യധർമ്മാദികൾകാക്കുന്നനാടിന്
സ്നേഹമാണെന്നുമീ മാതൃഭാഷ.

എം. ഗോപകുമാർ

# വാർഷിക ധനകാര്യപത്രിക സാംഖ്യയിലൂടെ

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 അനുസരിച്ചാണ് 2011-12 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വാർഷിക ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടപ്പിലാക്കണമെന്ന് നമുക്കറിയാം. 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പണിപ്പുരയിലാണ് ഒട്ടുമിക്ക ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റുമാരും. കുറേ ഗ്രാമപഞ്ചായത്തുകൾ വാർഷിക ധനകാര്യപത്രിക പൂർത്തിയാക്കിയിട്ടുമുണ്ട്. ആ സാഹചര്യത്തിലാണ് വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച് ഈ കുറിപ്പ് എഴുതുന്നത്.

## കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011

1994ൽ കേരള പഞ്ചായത്തീരാജ് ആക്ടിന്റെ 254-ാം വകുപ്പ് അനുസരിച്ച് സർക്കാരിന് വിവിധ വിഷയങ്ങളിൽ ചട്ടങ്ങൾ രൂപപ്പെടുത്താനുള്ള അധികാരം ഉപയോഗിച്ചാണ് ജിഒ(എം.എസ്) 83/11/തസ്വഭവ തിയ്യതി 28.03.2011 നമ്പർ വിജ്ഞാപന പ്രകാരം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പുറപ്പെടുവിച്ചത്. അക്കൗണ്ട്സ് ചട്ടങ്ങളിലെ 62-ാം ചട്ടത്തിൽ വാർഷിക ധനകാര്യ പത്രികകൾ താഴെ പറയുന്നവ ഉൾക്കൊള്ളുന്നവയായിരിക്കണം എന്ന് നിർദ്ദേശിക്കുന്നു.

1. ബാലൻസ് ഷീറ്റ്
2. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്
3. കാഷ്ഫ്ളോ സ്റ്റേറ്റ്മെന്റ്
4. റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
5. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

ആദ്യ 4 സ്റ്റേറ്റ്മെന്റുകളും പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ സഹിതം സെക്രട്ടറി ഒപ്പിട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും തുടർന്ന് പഞ്ചായത്ത് കമ്മിറ്റിക്കും അംഗീകരിച്ച് അടുത്ത വർഷം മെയ് 15നകം ഓഡിറ്റർക്ക് അയച്ചുകൊടുക്കണമെന്ന് ചട്ടങ്ങളിലെ 62(6) ചട്ടം നിർദ്ദേശിക്കുന്നു. അത്തരത്തിൽ നൽകുന്ന ധനകാര്യപത്രിക ഓഡിറ്റ് പൂർത്തിയാക്കി ഒക്ടോബർ 31നകം ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണമെന്ന് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 നിർദ്ദേശിക്കുന്നു. വാർഷിക ധനകാര്യപത്രിക, ബജറ്റ് വ്യതിയാനം സംബന്ധിച്ച കുറിപ്പ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റിന്മേൽ സ്വീകരിച്ച നടപടികൾ എന്നിവടയങ്ങിയ വാർഷിക റിപ്പോർട്ട് നവംബർ 10-ാം തിയ്യതിക്കകം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (ഗ്രാമപഞ്ചായത്തുകൾ) സമർപ്പിക്കണമെന്ന് ചട്ടം 65 അനുശാസിക്കുന്നു. അത്തരത്തിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ സമാഹരിച്ച് ഡിസംബർ 5നകം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണമെന്ന് 66 മുതൽ 69 വരെയുള്ള ചട്ടങ്ങൾ അനുശാസിക്കുന്നു. പഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് രീതി നിലവിൽ വന്ന സാഹചര്യത്തിൽ കൈകൊണ്ടെഴുതുന്ന അക്കൗണ്ടിംഗ് രജിസ്റ്ററുകൾ (വരവ്-ചെലവ് രജിസ്റ്ററുകൾ മുതലായവ) നിയമാനുസൃത രേഖകളല്ല (ജിഒ (എം.എസ്) 245/2011 തിയ്യതി 13/10/2011)

## വർഷാന്ത്യ ഇടപാടുകളിലേക്ക് കടക്കുമ്പോൾ

സാംഖ്യയിലെ ഇടപാടുകളെ മൂന്നായി തിരിക്കാം.

1. വർഷാരംഭ ഇടപാടുകൾ (year beginning process)
2. ദൈനംദിന ഇടപാടുകൾ (daily transactions)
3. വർഷാന്ത്യ ഇടപാടുകൾ (year ending process)

ഇതിൽ വാർഷിക ധനകാര്യ പത്രികയിലേക്ക് കടക്കുമ്പോൾ പ്രധാനമായും അറിഞ്ഞിരിക്കേണ്ട സംഗതിയാണ് വർഷാന്ത്യ ഇടപാടുകൾ.

## റിക്കൺസിലേഷൻ

എല്ലാ അക്കൗണ്ടുകളും (ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ) മാർച്ച് 31 തിയ്യതി വരെ റിക്കൺസിലേഷൻ പൂർത്തിയാക്കണം. നിലവിൽ സാംഖ്യയിൽ ബാങ്ക് റിക്കൺസിലേഷൻ utility ഉണ്ട്. സാംഖ്യയിൽ തന്നെ റിക്കൺസിലേഷൻ ചെയ്യണം. (മാനുവലായി റിക്കൺസിലേഷൻ പൂർത്തിയാക്കിയാലും അത് വാർഷിക ധനകാര്യപത്രികയെ ബാധിക്കില്ല) അതാത് മാസം റിക്കൺസിലേഷൻ നടപടി പൂർത്തിയാക്കിയാൽ വർഷാന്ത്യത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കാം. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾക്ക് അതാത് പഞ്ചായത്തുകൾക്ക് കീഴിലുള്ള ഡിഡിഒ കോഡുകൾ ഉപയോഗിച്ച് ചെലവഴിച്ച തുകകളുടെ സ്റ്റേറ്റ്മെന്റ് ട്രഷറിയിൽ നിന്ന് എടുത്ത് റിക്കൺസിലേഷൻ നടത്താവുന്നതാണ്.

സാംഖ്യയിൽ റിക്കൺസിലേഷൻ നടത്തുന്നതിന് അക്കൗണ്ടന്റ് ലോഗിനിൽ utility → Bank reconciliation utilitie → Select Bank → Select Month → double click.

Enter amount as per bank statement → start → click on arrow

→ click on transaction amount → enter realization date.

റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി ഒപ്പിട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ശ്രദ്ധിക്കേണ്ട മറ്റ് കാര്യങ്ങൾ

1. അക്കൗണ്ട് ഹെഡ് മാറി വരവ്/ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള വൗച്ചറുകൾ ജോർണൽ എൻട്രി മുഖേന കറക്ട് ചെയ്യണം. ചെലവ് കറക്ട് ചെയ്യാൻ ക്രഡിറ്റും വരവ് കറക്ട് ചെയ്യാൻ ഡെബിറ്റും സെലക്ട് ചെയ്യണം.

Accountant login → Transaction → Journal entry → transaction type (adjustment) → affecting receipt & payment statement (tick) → search for voucher → double click on the voucher → Debit (in case of receipt)/credit (in case of payment) → Account code (correct code) → Enter amount → save.

2. ഗ്രാന്റുകളുടെ വരവ് liability head ൽ നിന്ന് income head ലേക്ക് മാറ്റേണ്ടതും ചെലവ് റവന്യൂ-ക്യാപിറ്റൽ തിരിച്ച് journal entry രേഖപ്പെടുത്തണം. ആയതിലേക്കായി ബാലൻസ് ഷീറ്റിലെ $B_4$, $B_{17}$ ഷെഡ്യൂളുകൾ പരിശോധിച്ച് വ്യത്യാസം കണ്ടെത്തി 320-ൽ തുടങ്ങുന്ന ഹെഡിനെ ഡെബിറ്റ് ചെയ്ത് റവന്യൂ ചെലവാണെങ്കിൽ 160-ൽ തുടങ്ങുന്ന ഹെഡിനെയും ക്യാപിറ്റൽ ചെലവാണെങ്കിൽ 312100101 എന്ന ഹെഡിനെയും ക്രെഡിറ്റ് ചെയ്തും ടി റെക്ടിഫിക്കേഷൻ നടത്തണം.
3. MGNREGS ഇനത്തിലെ തുക EFMS അനുസരിച്ചുള്ളത് 251300801 poverty alleviation General എന്ന head ഡെബിറ്റ് ചെയ്തും 1601000601 എന്ന ഹെഡിനെ ക്രഡിറ്റ് ചെയ്തും ജേർണൽ എൻട്രി നടത്തണം.
4. ലോൺ തിരിച്ചടവ് ഇനത്തിൽ ബാക്കിയുള്ള തുക ബാധ്യതയായി നിലനിർത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഇഎംഎസ് ഭവന പദ്ധതി വായ്പ കുടിശ്ശിക മാത്രമാണ് നിലവിലുള്ളത്. (മറ്റാവശ്യങ്ങൾക്ക് ലോൺ എടുത്ത ഗ്രാമപഞ്ചായത്തുകളും ഉണ്ടാകാം). ഇഎംഎസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് ഇനത്തിൽ ബാക്കിയുള്ള തുക 330500102 secured loans from Co-operative Bank എന്ന ഹെഡിനെ ഡെബിറ്റ് ചെയ്ത് 440500101 prepaid programme expense എന്ന ഹെഡിനെ ക്രഡിറ്റ് ചെയ്തും ജേർണൽ എൻട്രി നടത്തണം.
5. ഡിബിടി വഴി മാറുന്ന പെൻഷൻ തുകയുടെ കണക്കുകൾ അക്കൗണ്ട് ചെയ്യണം. സേവന സോഫ്റ്റ്‌വെയറിൽ പഞ്ചായത്തിന്റെ ലോഗിനിൽ കയറിയാൽ അതാത് പഞ്ചായത്തിൽ വിതരണം ചെയ്ത തുക പെൻഷൻ തിരിച്ച് ലഭ്യമാകും. ടി തുകകൾക്ക് അതാത് പെൻഷനുകളുടെ 160-ൽ തുടങ്ങുന്ന ഹെഡ് ക്രഡിറ്റും 254-ൽ തുടങ്ങുന്ന ചെലവ് ഹെഡ് ഡെബിറ്റും നൽകി ജേർണൽ എൻട്രി നടത്തണം.
6. ലൈബ്രറി സെസ് പിരിവ് തുകക്ക് 431910101 state Govt. Cess/Levies എന്ന ഹെഡ് ഡെബിറ്റു 431100101, 431100102 receivable property tax current & arrearsഎന്ന ഹെഡ് ക്രഡിറ്റും നൽകണം.
7. ജീവനക്കാരിൽ നിന്ന് പിടിച്ച മുൻകൂറുകൾ മറ്റ് പഞ്ചായത്തിന് നൽകേണ്ടതാണെങ്കിൽ അത് 460100101 Festival Advance എന്ന ഹെഡിൽ ഡെബിറ്റും 350200115 എന്ന ഹെഡിൽ ക്രഡിറ്റും നൽകണം.
8. ആസ്തികളുടെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച 2007-ലെ കേരള മുൻസിപ്പൽ അക്കൗണ്ട്സ് മാനുവലിൽ നിർദ്ദേശിച്ച നിരക്കുകൾ എല്ലാ പഞ്ചായത്തിനും ബാധകമാക്കി 08.08.2012ലെ സ.ഉ.(കൈ) നം. 212/2012/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ടി നിരക്കുകൾ ഉത്തരവിന്റെ അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്. അതനുസരിച്ച് ഓരോ ആസ്തികളുടേയും ഡിപ്രീസിയേഷൻ 272200-ൽ തുടങ്ങുന്ന ഹെഡ് ഡെബിറ്റ് ചെയ്തും 411-ൽ തുടങ്ങുന്ന Accumulated depreciationഎന്ന ഹെഡ് ക്രഡിറ്റ് ചെയ്തും ജേർണൽ എൻട്രി നടത്തണം.
9. 19.09.2015ലെ ജിഒ(പി) 419/2015/ഫിൻ ഉത്തരവ് പ്രകാരം വികസന ഫണ്ടിലേക്ക് മാറ്റിയ തുകകൾക്ക് 320-ൽ തുടങ്ങുന്ന വികസന ഫണ്ട് ജനറൽ ഹെഡ് ക്രഡിറ്റും 320-ൽ തുടങ്ങുന്ന VPF2A യിലേക്ക് മാറ്റിയ തുകകൾക്ക് ഡെബിറ്റും നൽകി ജേർണൽ എൻട്രി നടത്തി തുകകൾ ക്രമീകരിക്കണം.
10. പഞ്ചായത്തുകൾക്ക് ലഭ്യമായ മുഴുവൻ തുകകളും ACR--ൽ ഉണ്ടായിരിക്കണം.
11. സ്റ്റോക്കിന്റെ ക്ലോസിംഗ് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തണ്ടതുണ്ട്. (2014-15 സാമ്പത്തിക വർഷം ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകൾക്കും Unqualified Audit Certificate ലഭ്യമാകാത്തതിന് കാരണം സ്റ്റോക്ക് എൻട്രി രേഖപ്പെടുത്താത്തതാണ്). ഓരോ വർഷവും ഏപ്രിൽ 5നകം സെക്രട്ടറി സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇിപ്പോർട്ടിൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, ധനകാര്യവർഷത്തിലെ സ്റ്റോർ പർച്ചേസ് മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉണ്ടാകണം. ജേർണൽ എൻട്രിയിലൂടെ ഇത് ധനകാര്യപത്രികയിൽ പ്രതിഫിപ്പിക്കാം. 430100101 opening stock stores എന്ന ഹെഡ് ക്രഡിറ്റും 230300199 consumption of stores -other stores, 430100103 closing stock – stores എന്നിവ ഡെബിറ്റും നൽകി ജേർണൽ എൻട്രി പൂർത്തിയാക്കാം.

മേൽ സൂചിപ്പിച്ച വർഷാന്ത്യ നടപടികൾ പൂർത്തിയാക്കുന്നതോടൊപ്പം നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്.

*അതിയന്നൂർ ഗ്രാമപഞ്ചായത്ത്*
*അഡി. സെക്രട്ടറിയാണ് ലേഖകൻ*

# പകർച്ചവ്യാധി
## പ്രതിരോധവും നിയന്ത്രണവും: വിവിധ വകുപ്പുകളുടെ പങ്ക്

ഡോ. രമേഷ്. ആർ

ആരോഗ്യരംഗത്തെ കേരളമോഡൽ പ്രസിദ്ധമാണ്. ഈ രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ ഇപ്പോൾ പകർച്ചവ്യാധികളും പകർചേതര(ജീവിതശൈലീ രോഗങ്ങളും) വ്യാധികളും മുഖ്യ ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ജലജന്യ രോഗങ്ങൾക്കും കൊതുക്ജന്യ രോഗങ്ങൾക്കുമൊപ്പം പുതിയതായി രംഗത്തെത്തുന്ന രോഗങ്ങളും 'തിരിച്ചുവരുന്ന' (Re-emerging) രോഗങ്ങളും പ്രശ്നം സങ്കീർണ്ണമാക്കുന്നു. വൈറൽപനി, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, എച്ച്1.എൻ1, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ച വ്യാധികൾ കുറേവർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പൊതുജനാരോഗ്യ പ്രശ്നമായി തുടരുകയാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും പാരിസ്ഥിതികമാറ്റങ്ങളും രോഗാണുക്കളിൽ ഉണ്ടാകുന്ന മാറ്റങ്ങളും ലോകവ്യാപകമായിതന്നെ പുതുരോഗങ്ങൾക്കും നിർമ്മാർജ്ജനം ചെയ്ത ചിലരോഗങ്ങൾ തിരിച്ചുവരാനുമുള്ള സാഹചര്യം ഉണ്ടാകുന്നുണ്ട്. കൂടാതെ നമ്മുടെ സ്ഥിര പ്രശ്നമായി മാറി കൊണ്ടിരിക്കുന്ന ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവവും ജലജന്യ രോഗങ്ങളും വായു-ജല മലിനീകരണം, കൊതുകുജന്യ പ്രാണിജന്യ രോഗങ്ങളുടെ വർദ്ധനവ് തുടങ്ങിയ പ്രശ്നങ്ങളും ഗുരുതരമായി പരിഹരിക്കപ്പെടേണ്ടതായി നിലനിൽക്കുന്നു.

പകർച്ച വ്യാധികളുടെ ഫലപ്രദമായ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഈ വർഷാരംഭത്തിലും ആരോഗ്യവകുപ്പ വാർഷിക കർമ്മ പരിപാടി തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കിവരുകയാണ്. സംസ്ഥാനത്ത് പൊതുവിലുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങളും ജില്ലകളിലുള്ള പ്രാദേശിക പ്രശ്നങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിനൊപ്പം വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജന പങ്കാളിത്തത്തോടെയും ഈകർമ്മപരിപാടി നടപ്പിലാക്കിവരുന്നതിനാൽ പകർച്ചവ്യാധികളെ പ്രതിരോധിക്കാനും നിയന്ത്രിക്കാ



നും നമുക്ക് നല്ല ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

കേരളത്തിൽ 2013 നെ അപേക്ഷിച്ച് വൈറൽ പനി പിന്നീടുള്ള രണ്ട് വർഷ ങ്ങളിൽ കുറവായിരുന്നു. മലമ്പനി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം, മഞ്ഞപ്പിത്തം-എ, ബി, ടൈഫോയിഡ്, കോളറ തുടങ്ങിയവയും മുൻവർഷത്തേക്കാൾ കുറവായിരുന്നു. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ട സാമൂഹിക, പാരിസ്ഥിതിക ഘടകങ്ങളെ ഏറ്റവും അനുയോജ്യമായരീതിയിൽ കോർത്തിണക്കേണ്ടതിന് വിവിധവകുപ്പുകളുടെ പങ്കാളിത്തം കൂടിയേതീരു. അതിന് സഹായകരമായ രീതിയിൽ ഉള്ള സമഗ്രആരോഗ്യപദ്ധതിയാണ്(കോംപ്രഹെൻസീവ് ഹെൽത്ത് പ്ളാൻ). ആഗോള തലത്തിലും പാരിസ്ഥിതികമായും കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ ആരോഗ്യമേഖലയെ പലപ്പോഴും പ്രതികൂലമായിബാധിക്കാറുണ്ട്. ഇതോടൊപ്പം ജനസംഖ്യാവർധനവ്, മാലിന്യ പ്രശ്നങ്ങൾ, നഗരവൽക്കരണം, മരുന്നുകൾക്കെതിരെ രോഗാണുക്കളും, കീടനാശിനികൾക്കെതിരെ രോഗം പരത്തുന്ന ജീവികളും പ്രതിരോധശേഷി ആർജിക്കുന്നതും ഇതരസംസ്ഥാന തൊഴിലാളികൾ വഴിയുള്ള ആരോഗ്യ പ്രശ്നങ്ങളുമൊക്കെയാണ് മറ്റ് വെല്ലുവിളികൾ. ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനുള്ള വാർഷികകർമ്മപദ്ധതിയാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നത്.

ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക, പാരിസ്ഥിതിക ഘടകങ്ങൾ കൈകാര്യം ചെയ്യുന്നത് പഞ്ചായത്ത്, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, പൊതുമരാമത്ത്, മത്സ്യവിഭവം തുടങ്ങി വിവിധവകുപ്പുകൾ ആണല്ലോ. ഇത്തരം വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി കേരളസംസ്ഥാന പൊതുജനാരോഗ്യ സംരക്ഷണ സമിതി (പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി) രൂപീകരിക്കാൻ കഴിഞ്ഞു. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ബഹു. കേരള മുഖ്യമന്ത്രിയുടെ നേതൃത്ത്വത്തിൽ ആദ്യത്തെ ഗവേണിംഗ് ബോഡി യോഗം കൂടുകയുമുണ്ടായി. വിവിധവകുപ്പുകളുടെ മന്ത്രിമാരും സെക്രട്ടറിമാരും ഗവേണിംഗ് ബോഡിയിൽ അംഗങ്ങളാണ്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്ത്വത്തിലും ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ നേതൃത്ത്വത്തിൽ മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കൊതുകു സാന്ദ്രത കുറക്കുവാനും അതുവഴി കൊതുകുജന്യ രോഗങ്ങൾ കുറക്കുവാനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഇടതടവില്ലാതെ ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും ജന്തുജന്യ രോഗ സാധ്യതകൾ കുറക്കുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യവിഷബാധകൾ ഒഴിവാക്കു ന്നതിനും ഓരോ വകുപ്പുകളും നിർബന്ധമായും അനുഷ്ടിക്കേണ്ട ചുമതലകൾക്ക് വ്യക്തതവരുത്തി ഓരോ വകുപ്പിലും നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്ത്രാജ് നിയമം, മുൻസിപ്പൽനിയമം,തിരുകൊച്ചി പൊതുജനാര്യാഗ്യ നിയമം, മദ്രാസ് പൊതു ജനാരോഗ്യനിയമം, ഭക്ഷ്യ സുരക്ഷാനിയമം, ജലനിയമം) ഉൾപ്പെടുത്തിയുള്ള പരി പാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ പ്രാധാ ന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനാവശ്യമായ സെമിനാറുകൾ, ശിൽപശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവയും നടത്തുന്നുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണത്തിന് കേരളാ ശുചിത്വമിഷൻ വിശദമായ പ്രവർത്തന രേഖ തയ്യാറാക്കിയിട്ടുണ്ട്. പരിശീലനപരിപാടികൾ, വാർഡ്തല ശുചിത്വമാപ്പിങ്ങ്, ആരോഗ്യശുചിത്വ സമിതിയുടെ പ്രവർത്തനങ്ങളുടെ പ്ലാനിംഗ്, ഫണ്ട്



**ശുചിത്വമിഷൻ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ കൂടുതൽ കാര്യക്ഷമത കൈവരിക്കാം. വാർഡ്തല ആരോഗ്യ പോഷണ ശുചിത്വസമിതികൾ ശക്തിപ്പെടുത്തി ആത്മാർത്ഥമായ ഇടപെടൽ കാഴ്ചവെക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധവകുപ്പുകൾ ഏകോപിച്ച് ഈ പ്രവർത്തനങ്ങൾ നടപ്പിലാ ക്കാൻ കഴിഞ്ഞാൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഈവർഷം നമുക്ക് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.**

ലഭ്യമാക്കൽ, ശുചിത്വ സ്ക്വാഡ് രൂപീകരണം, ഫീൽഡ്തല പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശുചിത്വമിഷൻ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ കൂടുതൽ കാര്യക്ഷമത കൈവരിക്കാം. വാർഡ്തല ആരോഗ്യ പോഷണ ശുചിത്വസമിതികൾ ശക്തിപ്പെടുത്തി ആത്മാർത്ഥമായ ഇടപെടൽ കാഴ്ചവെക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധവകുപ്പുകൾ ഏകോപിച്ച് ഈ പ്രവർത്തനങ്ങൾ നടപ്പിലാ ക്കാൻ കഴിഞ്ഞാൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഈവർഷം നമുക്ക് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ഓരോതട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിലയിരുത്തി കുറവുകൾ പരിഹരിച്ച് മുന്നോട്ടുപോയാൽ തീർച്ചയയായും നമ്മുടെ ശ്രമങ്ങൾ സഫലമാകും.

## പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ പങ്ക്

### ആരോഗ്യവകുപ്പ്

- ചിട്ടയായ രീതിയിലുള്ള രോഗനിരീക്ഷണവും, കൊതുകു സാന്ദ്രത നിരീക്ഷണവും കൊതുകുറവിട നശീകരണവും നടത്തുക.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയ ബന്ധിതമായും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
- ജലദൗർലഭ്യമുള്ളിടത്ത് സംഭരിച്ച് സൂക്ഷിച്ചിരിക്കുന്നജലത്തിൽ കൊതുക് പെരുകാതിരിക്കാൻ നടപടി സ്വീകരിക്കുക.
- പകർച്ച വ്യാധികളുണ്ടാകുമ്പോൾ ഉടൻതന്നെ ചികിത്സ ഉറപ്പാക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, അതുവഴി പകർച്ചവ്യാധി വ്യാപനം തടയൽ, മരണം ഒഴിവാക്കൽ.
- കൊതുകുജന്യ,ജലജന്യ, ജന്തുജന്യ രോഗനിയന്ത്രണത്തിന് വിവിധ വകുപ്പുകൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുക.
- ആരോഗ്യബോധവൽക്കരണ ശീലവൽക്കരണ പരിപാടികളും ക്യാമ്പേനുകളും നടപ്പിലാക്കുക.
- ശാസ്ത്രീയമായ പഠനങ്ങൾ ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുക.
- പകർച്ചവ്യാധി സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികൾസ്വീകരിക്കൽ.
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിന് ആവശ്യമായ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പിനോടൊപ്പമോ അതിൽ കൂടുതലോ പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിവിധ വകുപ്പുകൾക്കും ഉണ്ട്.

### പഞ്ചായത്ത് വകുപ്പ്

- രോഗപ്രതിരോധ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, ഏകോപനം, അവലോകനം എന്നീ കാര്യങ്ങളുടെ നേതൃത്വം ഏറ്റെടുക്കുക.
- വാർഡ്തലം മുതലുള്ള രോഗനിയന്ത്രണ സമിതികളുടെ അദ്ധ്യക്ഷൻ അതാത് തലങ്ങളിലെ ജനപ്രതിനിധികളായിരിക്കും.
- വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- സേവാഗ്രാം ഗ്രാമകേന്ദ്ര പ്രവർത്തനങ്ങളുടെയും അയൽ സഭകളുടെ പ്രവർത്തനങ്ങളുടെയും ഭാഗമായി രോഗപ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം വീടുകളിലും സ്ഥാപനങ്ങളിലും രൂപംകൊടുത്തു നടപ്പിലാക്കുക.
- പൊതുസ്ഥലങ്ങൾ, നിരത്തുകൾ, ചന്തകൾ, ആഫീസുകൾ എന്നിവയിലേയും ഓട, ചാല് തുടങ്ങിയവയിലേയും മാലിന്യങ്ങൾ നീക്കം ചെയ്യുക.
- കട്ടികുറഞ്ഞ പ്ളാസ്റ്റിക് ക്യാരി ബാഗിന്റെ വിൽപനയും ഉപയോഗവും നിരോധിക്കുക.
- കൊതുകുകളുടെ ഉറവിട നശീകരണം, കൊതുക്-കൂത്താടി നിർമ്മാർജ്ജനം, എലി നശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ ജോലിക്കാർക്ക് എലിപ്പനിക്കെതിരെയുള്ള ഡോക്സിസൈക്ലീൻ ഗുളികയും മറ്റു രോഗങ്ങൾക്കെതിരെയുമുള്ള മുൻകരുതലുകളും നൽകാൻ ശ്രദ്ധിക്കുക.
- ആരോഗ്യശുചിത്വ സമിതികളുടെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങളുടെ ആരോഗ്യസേനകളുണ്ടാക്കി രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉറപ്പു വരുത്തുക.
- ആഴ്ചയിലൊരിക്കൽ ഉറവിടനശീകരണവും ഡ്രൈഡേ ആചരണവും വീടുകളിലും സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും നടപ്പിലാക്കുക.
- വിവിധ ഡിപ്പാർട്ടുമെന്റുകളുടേയും ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും ബഹുജനങ്ങളുടേയും ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തണം.
- ആശ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ,

മറ്റു സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

- ആവശ്യമായ ഫണ്ട് ലഭ്യമാക്കുക, വാഹനസൗകര്യം നൽകുക, സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവയ്ക്കുള്ള കൂലിച്ചെലവുകൾ വഹിക്കുക.
- ആരോഗ്യപ്രവർത്തകരെ മറ്റു ജോലികൾക്കായി വിനിയോഗിക്കാതിരിക്കുക.

## നഗരകാര്യവകുപ്പ്

- (പഞ്ചായത്ത് വകുപ്പിൽ പരാമർശിച്ചവ കൂടാതെ ചെയ്യേണ്ട കാര്യങ്ങൾ)
- നഗരആരോഗ്യവിഭാഗത്തിന്റെയും ആരോഗ്യവകുപ്പിന്റെയും സംയുക്ത പ്രവർ ത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ ഡിപ്പാർട്ടുമെന്റുകളെയും ഏജൻസികളേയും സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുക.
- ഖര, ദ്രവമാലിന്യ സംസ്കരണത്തിന് പൊതുസംവിധാനം ഏർപ്പെടുത്തുക.
- കട്ടികുറഞ്ഞ പ്ലാസ്റ്റിക് ക്യാരിബാഗിന്റെ വിൽപനയും ഉപയോഗവും നിരോധിക്കുക.
- ചേരി പ്രദേശങ്ങൾക്കും തീരദേശ മേഖലകൾക്കും മറുനാടൻ തൊഴിലാളി മേഖലകൾക്കും കെട്ടിട നിർമ്മാണ മേഖലകൾക്കും പ്രത്യേക ഊന്നൽ നൽകി. അവിടങ്ങളിൽ, ജലവിതരണവും, സാനിട്ടറി സൗകര്യങ്ങളും, മാലിന്യ നിർമ്മാർജ്ജനവും ഉറപ്പുവരുത്തുക.
- മുൻസിപ്പൽ ആക്ട് അനുസരിച്ചുള്ള നിയമനടപടികൾ പകർച്ചവ്യാധി നിയന്ത്രണത്തിന് കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക.
- ഹോട്ടൽ, തട്ടുകട, കാന്റീനുകൾ, കള്ളുഷാപ്പുകൾ, പാനീയ വില്പനകേന്ദ്രങ്ങൾ തുടങ്ങിയവയുടെ ഭക്ഷ്യ/പാനീയ ശുചിത്വം ഉറപ്പുവരുത്തുക, പഴകിയ ഭക്ഷണസാധനങ്ങൾ നൽകുന്നില്ലെന്ന് ഉറപ്പുവരുത്തുക, ആവശ്യമായ നിയമനടപടികളെടുക്കുക.




- കെട്ടിട നിർമ്മാണം, റോഡു നിർമ്മാണം, ഓട നിർമ്മാണം, പൊതുമരാമത്തുജോലികൾ, കുടിവെള്ള വിതരണം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവയ്ക്കും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ആവശ്യമായ മാർക്ഷനിർദ്ദേശങ്ങൾ നൽകുക.
- ഖരമാലിന്യ നിർമ്മാർജ്ജനവും, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനവും ദ്രവ മാലിന്യ നിർമ്മാർജ്ജനവും ഉറപ്പുവരുത്തുക.
- റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്നുള്ള പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ.
- നഗരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്കായി നഗരസഭകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലുള്ള ആരോഗ്യപ്രവർത്തകരെ (ജെ.എച്ച്.ഐ.എച്ച്ഐ.) വിനിയോഗിക്കുക.
- ദേശീയ ആരോഗ്യമിഷന്റെ ഭാഗമായ നഗര പ്രാഥമികആരോഗ്യ കേന്ദ്രങ്ങളും ഫീൽഡ് പ്രവർത്തകരെയും വിന്യസിച്ചിട്ടുള്ള പ്രദേശങ്ങളിൽ ചിട്ടയായ രോഗനിരീക്ഷണവും രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും നടത്തുക.
- സ്വകാര്യ ആശുപത്രികൾ, ഐ.എം.എ,ക്യു.പി.എം.പി.എ
- രോഗപര്യവേഷണത്തിനും രോഗപ്രതിരോധ നിയന്ത്രണത്തിനും പകർച്ച വ്യാധികളുടെ റിപ്പോർട്ടുകൾ അതാത് പി.എച്ച്.സി/ സി.എച്ച്.സി/ ഗവൺമെന്റ് ആശുപത്രി/ ജില്ലാമെഡിക്കൽ ഓഫീസിൽ ലഭ്യമാക്കുക.
- കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും, സംസ്ഥാന ആരോഗ്യവകുപ്പിന്റെയും ചികിൽസാമാർക്ഷരേഖകൾ (എച്ച്1.എൻ1, മലേറിയ, ഡെങ്കിപ്പനി, എലിപ്പനി,കെ.എഫ്.ഡി, സ്ക്രബ്ടൈഫസ്, പാനീയചികിൽസ തുടങ്ങിയവ) അനുസരിച്ചുള്ള ചികിൽസാ രീതി ഉറപ്പുവരുത്തുക, ആവശ്യമായ പരിശീലനം നൽകുക.
- എച്ച്1.എൻ1 പനിബാധിതരുടേയും മരണത്തിന്റെയും ഉയർന്ന നിരക്ക് കണക്കിലെടുത്ത് ഡോക്ടർമാർക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുക, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

## കേരള ശുചിത്വ മിഷൻ

- ശുചിത്വ മിഷൻ നൽകുന്ന മാലിന്യ മുക്തകേരളം, ഹരിതകേരളം, മഴക്കാല പൂർവ്വ ശുചീകരണ പരിപാടികൾക്ക് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ വലിയ പങ്കു വഹിക്കാനുണ്ട്.
- ശാസ്ത്രീയമായ ഖര-ദ്രവമാലിന്യ നിർമ്മാർജ്ജനത്തിന് സംവിധാനങ്ങളൊരുക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം നൽകുക. നടപ്പിലാക്കാൻ സഹായിക്കുക.
- വാർഡുകൾക്ക് യഥാസമയം ധനസഹായം നൽകുകയും അവ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുക.
- സാനിട്ടറി കക്കൂസുകൾ കുറ

വുള്ള പകർച്ചവ്യാധി രോഗസാധ്യത കൂടുതലുള്ള പിന്നോക്ക മേഖലകളിലും ആദിവാസി - തീരദേശങ്ങളിലും അവ ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കുക.

- കുട്ടനാട് പോലെയുള്ള സമുദ്ര നിരപ്പിന് താഴെസ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ
- സാനിട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ അവലംബിക്കുക.

## ഭക്ഷ്യ സുരക്ഷാകമ്മീഷൻ

- വ്യാവസായികഅടിസ്ഥാനത്തിൽ ഭക്ഷണശാലകളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ശുചിത്വവും ഗുണമേൻമയും ഉറപ്പു വരുത്തുക.
- ഇതിനാവശ്യമായ ബോധവൽക്കരണവും പരിശോധനകളും നിയമ നടപടി കളും സ്വീകരിക്കുക.
- ആരോഗ്യവകുപ്പിനോടൊപ്പം സംയുക്ത പരിശോധനകൾ നടത്തുക.
- ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും വിവാഹ സദ്യകളിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ സുരക്ഷയിൽ പ്രത്യേക ശ്രദ്ധചെലു ത്തുക.

## ജലവിഭവ വകുപ്പ് (വാട്ടർ അതോറിറ്റി)

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിന്റെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും, ലോഗ് ബുക്ക് മെയിന്റനൻസും ഉറപ്പുവരുത്തുക.
- ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ നടത്തുക.
- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസ്സുകളുടെ മലിനീകരണം പൂർണ്ണമായും തടയുക, ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ/ സീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- ആരോഗ്യവകുപ്പ് നൽകുന്ന ജല സാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി.
- കുടിവെള്ളത്തിന്റെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർ നടപടികളെടുക്കുക.
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധ തലങ്ങളിൽ മോണിറ്റർ ചെയ്യുക.
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക. ടാങ്കർലോറി വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുക.
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതളപാനീയങ്ങളിൽ ഉപയോഗി ക്കുന്നത് നിരോധിക്കുക.
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

## തൊഴിൽ

- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക.
- ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക.
- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽ മേഖലകളിലും രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ



ബോധവത്ക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തുക.

- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും ആരോഗ്യസംരക്ഷണത്തിനും, പകർച്ച വ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ.

## സാമൂഹ്യനീതിവകുപ്പ്

- അംഗൻവാടി പ്രവർത്തകരുടേയും ഹെൽപ്പർമാരുടേയും സേവനം ഫീൽഡ് തലത്തിലുള്ള പകർച്ചവ്യാധി നിയന്ത്രണങ്ങൾക്കും ബോധവൽക്കരണത്തിനും മറ്റും ഉപയോഗപ്പെടുത്തുക.
- അംഗൻവാടി കേന്ദ്രങ്ങൾ അതാത് പ്രദേശങ്ങളിലെ രോഗനിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമാക്കി പ്രവർത്തിക്കാവുന്നതാണ്.
- പഞ്ചായത്ത് തലത്തിൽ സൂപ്പർവൈസർമാരുടെയും ബ്ലോക്ക് തലത്തിൽ സിഡിപിഒ മാരുടേയും പ്രവർത്തനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുക.
- അംഗൻവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക.
- അംഗൻവാടികളിലും പരിസരങ്ങളിലും ആരോഗ്യകരമായ അന്തരീക്ഷം നിലനിർത്തുക. കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളികളാവുക.

## വിദ്യാഭ്യാസ വകുപ്പ്

- ജലജന്യ-കൊതുകുജന്യരോഗങ്ങൾ, എലിപ്പനി എന്നിവയുടെ വിവരങ്ങൾ പാഠ്യഭാഗങ്ങളായി സിലബസ്സിൽ ഉൾപ്പെടുത്തുക.
- അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആരോഗ്യ ബോധവത്കരണവും പരിശീലനവും ഏർപ്പെടുത്തുക.
- വൃത്തിയായ സ്കൂളും പരിസരവും, ശുദ്ധമായ കുടിവെള്ളം, കൊതുകുകളുടെ ഉറവിടനശീകരണം, ഭക്ഷ്യശുചിത്വം, ചിട്ടയായ ഖര-ദ്രവമാലിന്യങ്ങളുടെ നിർമ്മാർജ്ജനം, ശുചിത്വമുള്ള മൂത്രപ്പുരയുടേയും കക്കൂസുകളുടേയും നിർമ്മാണം, സംരക്ഷണം, എന്നിവ ഉറപ്പാക്കുക. എല്ലാ വെള്ളിയാഴ്ചയും ഇതിനായി സമയം അനുവദിക്കുക.
- ഡയറ്റ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, എൻ.സി.സി., പി.ടി.എ., സ്കൂൾ ഹെൽത്ത്, സ്കൗട്ട്, ഗൈഡ്സ് തുടങ്ങിയവ വഴി ആരോഗ്യബോധവത്ക്കരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും സ്കൂളുകളിലും അതാത് പ്രദേശങ്ങളിലും കാര്യക്ഷമമാക്കുക.
- സ്കൂൾ അസംബ്ലികളിൽ ആരോഗ്യ സന്ദേശങ്ങൾ വായിക്കുക.
- വയറിളക്ക രോഗനിയന്ത്രണ വാരാചരണം, മലമ്പനി/ഡെങ്കിപ്പനി നിയന്ത്രണ മാസാചരണം, തുടങ്ങിയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരങ്ങൾ, പ്രബന്ധമത്സരങ്ങൾ പോസ്റ്റർ രചനാ മത്സരങ്ങൾ തുടങ്ങിയവ നടത്തുക.
- വിദ്യാർത്ഥികളെക്കൊണ്ട് പകർച്ചവ്യാധി നിയന്ത്രണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രോജക്ടുകൾ ചെയ്യിക്കുക.
- കൂത്താടി നശീകരണത്തിനായി ഗപ്പി മത്സ്യം വളർത്തി വിതരണം നടത്തുക.
- ആഴ്ചയിലൊരിക്കൽ (വെള്ളിയാഴ്ച) കൊതുകിന്റെ ഉറവിട നിർമ്മാർജ്ജന ത്തിനായി ഡ്രൈഡേ ആചരിക്കുക.

## മൃഗസംരക്ഷണവകുപ്പ്

- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്കരണം ക്ഷീര കർഷകർക്ക് പാൽ സൊസൈറ്റിയും മൃഗാശുപത്രികളും ഡിസ്പെൻസറികളും വഴി നൽകുക.
- മൃഗങ്ങൾക്കാവശ്യമായ വാക്സിനേഷൻ നൽകുക.
- എലിപ്പനി നിയന്ത്രണത്തിനാവശ്യമായ പ്രാദേശിക നടപടികളെടുക്കുക.



◆ കുരങ്ങ്, പന്നി, പക്ഷികൾ (ദേശാടനപക്ഷികൾ അടക്കം) തുടങ്ങിയവ വഴി പകരുന്ന രോഗങ്ങൾക്കെതിരെയുള്ള നിരീക്ഷണം, നടപടികളെടുക്കൽ എന്നിവ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തുക.
◆ കഴിഞ്ഞ വർഷം പക്ഷിപ്പനി (എച്ച്5.എൻ1) റിപ്പോർട്ട് ചെയ്ത ആലപ്പുഴ, കൊല്ലം, കോട്ടയം തുടങ്ങിയ ജില്ലകളിലെയും മറ്റു ജില്ലകളിലെ ദേശാടന പക്ഷി സങ്കേതങ്ങളിലും എച്ച്5.എൻ1 നുള്ള രോഗനിരീക്ഷണം ശക്തിപ്പെടുത്തുക.
◆ വയനാട്, മലപ്പുറം,കോഴിക്കോട്,കണ്ണൂർ തുടങ്ങിയ വടക്കൻ ജില്ലകളിലെ വനമേഖലകളിലെ കുരങ്ങുകളിലെ രോഗനിരീക്ഷണം, കുരങ്ങുമരണ നിരീക്ഷണം (കെ.എഫ്.ഡി നിരീക്ഷണത്തിന്റെ ഭാഗമായി) തുടങ്ങിയവ നടത്തുക.
◆ മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും ആവശ്യമായ വാക്സിനേഷനുകളും ബോധവത്കരണവും ഉറപ്പാക്കുക.
◆ എലിപ്പനി അടക്കമുള്ള ജന്തുജന്യരോഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തി, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുക.
◆ കശാപ്പുശാലകൾ ശാസ്ത്രീയവും ആധുനികവും ആക്കുക. ലൈസൻസ് നിർബന്ധമാക്കുക.
◆ പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ തെരുവ് നായകളുടെ (വംശവർദ്ധനവ് തടയാനുള്ള)ഊർജ്ജിതപ്പെടുത്തുക.

## കൃഷിവകുപ്പ്

◆ രോഗപ്രതിരോധ-രോഗനിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീരകർഷകർക്കിടയിലും അവബോധമുണ്ടാക്കുക.
◆ കൃഷി ഓഫീസുകളും പാൽസൊസൈറ്റികളും മറ്റുംവഴി ജന്തുജന്യരോഗമായ എലിപ്പനിയുടെ പ്രതിരോധത്തിന് ഊന്നൽ നൽകുക.
◆ കംപോസ്റ്റിംഗ്, മണ്ണിര കംപോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന മാർക്ഷങ്ങൾ പ്രോത്സാഹിപ്പിക്കുക.
◆ ഡ്രൈഡേ ആചരണം, ജൈവിക നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കാൻ സഹായിക്കുക.
◆ പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പുവരുത്തുക.
◆ റബ്ബർ പ്ലാന്റേഷനുകളിലെ ചിരട്ടകളിലും ലാറ്റക്സ് കപ്പുകളിലും കൊതുക് വളരാതിരിക്കാനുള്ള നടപടി സ്വീകരിക്കുക, അടയ്ക്ക, കൈതച്ചക്ക, കാപ്പി, കൊക്കോ തുടങ്ങിയ തോട്ടങ്ങളിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളരാതിരിക്കാൻ വേണ്ട നടപടി എടുക്കുക.
◆ എലിനശീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
◆ കർഷകരും കൃഷിപ്പണിക്കാരും വ്യക്തിഗത സുരക്ഷാമാർക്ഷങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## പൊതുമരാമത്ത്

◆ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും അറ്റകുറ്റപ്പണികൾ ചെയ്യുമ്പോഴും കൊതുക് കൂത്താടി വളർച്ചയ്ക്കും എലികൾക്കും അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുക.
◆ ഓടകളിൽ വെള്ളം കെട്ടിക്കിടന്ന് കൊതുക് വളരുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടി എലികളുടെ വാസകേന്ദ്രങ്ങൾ ആകുകയും ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുക.
◆ കെട്ടിട നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ കെട്ടിടങ്ങൾക്കകത്തും, പുറത്തും ജലസംഭരണികളിലും കൊതുക് വളർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുക.വേണ്ടിവന്നാൽ നിയമ നടപടികൾ സ്വീകരിക്കുക.
◆ നിർമ്മാണ തൊഴിലാളികൾക്ക് ഹെൽത്ത് ചെക്കപ്പും ഹെൽത്ത് കാർഡും ആരോഗ്യ ബോധവത്കരണവും തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക.

## ഫിഷറീസ്

◆ മത്സ്യഭവനുകൾ വഴിയും ഫിഷറീസ് വകുപ്പിന്റെ മറ്റ് സൗകര്യങ്ങൾ ഉപയോഗിച്ചും പകർച്ച വ്യാധികളെക്കുറിച്ച് ബോധവത്കരണം നൽകുക.
◆ മത്സ്യതൊഴിലാളികളുടെ വീടും പരിസരവും ശുചിത്വപൂർണ്ണമാക്കാനും ശുദ്ധമായ കുടിവെള്ളം ഉപയോഗിക്കാനും കൊതുകുവളരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക.
◆ തീരദേശമേഖലകളിൽ സാനിട്ടറി കക്കൂസുകളുടെ നിർമ്മാണവും ഉപയോഗവും വർദ്ധിപ്പിക്കുക.
◆ തുറസ്സായ സ്ഥലങ്ങളിൽ കിടന്നുറങ്ങുന്നത് നിരുത്സാഹപ്പെടുത്തുക.
◆ കരയ്ക്ക് കയറ്റി വച്ചിരിക്കുന്ന വള്ളത്തിൽ കൊതുക് - കൂത്താടികൾ വളരുന്നില്ലെന്ന് ഉറപ്പുവരുത്തുക.
◆ വെള്ളക്കെട്ടുകളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ച് കൊതുക് - കൂത്താടി നശീകരണം നടത്തുക.
◆ മത്സ്യം വളർത്തുന്ന ടാങ്കുകളിലും പൂട്ടിക്കിടക്കുന്ന ഐസ്പ്ലാന്റുകളിലും കൊതുക് കൂത്താടികൾ വളരാതിരിക്കാനുള്ള മാർക്ഷങ്ങൾ അവലംബിക്കുക.

## പട്ടികവർഗ വികസനവകുപ്പ്

◆ ആദിവാസി മേഖലകളിൽ സാനിറ്ററി സൗകര്യങ്ങൾ, ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
◆ ട്രൈബൽ പ്രമോട്ടർമാർ ആശാ, അങ്കൺവാടി ജീവനക്കാർ തുടങ്ങിയവരുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുക.
◆ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് വഴി രോഗനിരീക്ഷണം, ചികിൽസ, ബോധവൽക്കരണം തുടങ്ങിയവ ഉറപ്പാക്കുക.
◆ വയനാട് തുടങ്ങിയ വടക്കൻ ജില്ലകളിലെ മലയോര പ്രദേശങ്ങളിൽ കെ.എഫ്.ഡി മുതലായ പകർച്ചവ്യാധികളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്യുക.

"ഒത്തുചേർന്ന് പ്രവർത്തിക്കാം
ആരോഗ്യസുരക്ഷ ഉറപ്പാക്കാം"

*സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറാണ് ലേഖകൻ*

# കാലാവസ്ഥാ വ്യതിയാനത്തിന്റെ ആസുരതകൾ

വി. കെ. ശ്രീധരൻ

പ്രകൃതി ദുരന്തങ്ങളും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്ത സൂചകങ്ങൾ. മുറ തെറ്റുന്ന ഋതുക്കൾ, വരൾച്ച, പ്രളയം, താപക്കാറ്റ്, അതിവർഷം, പ്രകൃതിക്ഷോഭങ്ങൾ, കൊടുങ്കാറ്റ്, സൂര്യാഘാതം, കൃഷിനാശം, ജലക്ഷാമം, മനുഷ്യരുടെയും ജന്തുക്കളുടെയും മരണം, സസ്യജാലങ്ങളുടെ നാശം, സാംക്രമിക രോഗങ്ങൾ, വിലക്കയറ്റം, മഞ്ഞുരുകി കടൽ വെള്ളം ഉയരുന്നതിനാൽ ദ്വീപുകൾ മുങ്ങിപ്പോകുക തുടങ്ങിയവ ഇതിന്റെ പ്രധാന ആകുലതകൾ.

തെലുങ്കാനയിൽ മെയ് 6 ലെ കനത്തമഴയിൽ വൈദ്യുതിയും ഗതാഗതവും തടസ്സപ്പെടുമ്പോൾ ഉത്തർഖണ്ഡിൽ 4.1 തീവ്രതയുള്ള ഭൂചലനം അഞ്ചു ജില്ലകളെ ബാധിച്ചു. കൊടുങ്കാറ്റിലും മണ്ണിടിച്ചിലിലും ഇവിടെ മരിച്ചത് 11 പേർ. ഇതിനു മുമ്പുണ്ടായ മിന്നൽ പ്രളയം കേദാർനാഥ് ദേവാലയത്തിനുവരെ കൊടിയ നാശം വിതച്ചു. കഴിഞ്ഞ തവണത്തെ വെള്ളപ്പൊക്കം പോലെ ചെന്നൈ വീണ്ടും മഴക്കെടുതിയിൽപ്പെട്ടു. മധ്യപ്രദേശിലെ കാട്ടുതീ ആഴ്ചകൾക്കു ശേഷമാണ് അണക്കാനായത്. കാനഡയിലാകട്ടെ കാട്ടുതീയിൽ 90,000 പേരെ മാറ്റി പാർപ്പിക്കേണ്ടിവന്നു. അഗ്നിക്കിരയായത് 1000 കെട്ടിടങ്ങൾ; 49 സ്ഥലങ്ങളിൽ ഏഴെണ്ണത്തിന് ഗുരുതരമായ നാശനഷ്ടങ്ങളും. ബംഗ്ലാദേശിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഭൂചലനമുണ്ടായത് മെയ് 7ന്. 88 കി.മീറ്റർ വേഗതയിലുള്ള റോണോ ചുഴലിക്കാറ്റിനോടൊപ്പം കനത്ത മഴയിൽ ബംഗ്ലാദേശിലെ ഗ്രാമങ്ങൾ ഒറ്റപ്പെട്ടു; പലതും വെള്ളപ്പൊക്ക ഭീഷണിയിലും. ചൈനയിൽ 24 മണിക്കൂർ തുടർച്ചയായി പെയ്ത മഴയിൽ (101 മി.മീറ്റർ) ഫ്യൂജിയാൻ മേഖലയിൽ കാണാതായത് 35 പേരെ. ലോകത്തിൽ പലയിടത്തായി ഇതാവർത്തിക്കുന്നു. ഉത്തരേന്ത്യയിൽ ചില സ്ഥലങ്ങളിൽ കുളിർമഴ ആശ്വാസം പകർന്നെങ്കിലും ഉഷ്ണവാതത്തിലും താപവർധനയിലും വെന്തെരിയുകയാണ് ഭൂരിഭാഗം സ്ഥലങ്ങളും.

ഉത്തർപ്രദേശിലെ വരൾച്ച ബാധിത പ്രദേശമായ മഹോബയിൽ ഹിരാലാൽ യാദവിനെ ജലം മോഷ്ടിച്ചുവെന്ന് ആരോപിച്ച് പോലീസ് അറസ്റ്റു ചെയ്തു. അതിരൂക്ഷമാണ് ഈയാണ്ടിലെ വരൾച്ച. മഹാരാഷ്ട്രയിലെ ലത്തൂരിൽ ബീച്ച് ജില്ലയിൽ നിന്നും മാർച്ച് മാസം മുതൽ ഇതുവരെ കുടിനീരില്ലാതെ പലായനം ചെയ്തത് രണ്ടുലക്ഷം





**വെള്ളത്തിനു വേണ്ടിയുള്ള തിക്കിലും തിരക്കിലും പെട്ട് കുട്ടികൾ മൃതിയടഞ്ഞു. സൂര്യാഘാതം മൂലം തെലുങ്കാനയിൽ മാത്രം 300 പേരും ഏപ്രിലിലെ കണക്കനുസരിച്ച് കേരളത്തിൽ 360 പേരും മരണമടഞ്ഞു. കന്നുകാലികൾ ചത്തു മലക്കുന്നു.**

പേർ. വെള്ളത്തിനു വേണ്ടിയുള്ള തിക്കിലും തിരക്കിലും പെട്ട് കുട്ടികൾ മൃതിയടഞ്ഞു. സൂര്യാഘാതം മൂലം തെലുങ്കാനയിൽ മാത്രം 300 പേരും ഏപ്രിലിലെ കണക്കനുസരിച്ച് കേരളത്തിൽ 360 പേരും മരണമടഞ്ഞു. കന്നുകാലികൾ ചത്തു മലക്കുന്നു. ജലസംഭരണികൾ ശോഷിച്ചും വർധമാനമായ വൈദ്യുതി ഉപയോഗം-കേരളത്തിൽ പ്രതിദിനം 78.62 ദശലക്ഷം യൂണിറ്റ് (26.4.2016) ജലക്ഷാമത്താൽ മഹാരാഷ്ട്രയിലെ ക്രിക്കറ്റ് മത്സരം മാറ്റാൻ നിർബന്ധിതമായി. അവിടത്തെ ധപോവാഡ അണക്കെട്ട് വറ്റിയതിനാൽ 660 മെഗാവാട്ട് ശേഷിയുള്ള നാലു താപോർജ്ജ യൂണിറ്റുകൾ അടച്ചു പൂട്ടി. ലത്തൂരിലേക്ക് ജലവണ്ടിയിൽ കൊണ്ടുവന്നത് നാലു കോടി രൂപ.

മതിപ്പുവിലവരുന്ന ആറുകോടി ലിറ്റർ വെള്ളം. ഇന്ത്യയിലെ അഞ്ചു ലക്ഷം ഗ്രാമങ്ങൾ കുടിവെള്ള ക്ഷാമത്തിന്റെ പിടിയിൽ. വരൾച്ച ബാധിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചത് 29000 ഗ്രാമങ്ങളെ തൃശൂർ എക്സൈസ് അക്കാദമിയിൽ പരിശീലനം നിറുത്തിവെച്ചത് മഞ്ഞപ്പിത്തം മൂലം. ചൂട് കുറയുന്നതുവരെ വിദ്യാലയങ്ങൾ തുറക്കരുതെന്ന് ജില്ലാകളക്ടർമാരും ബാലാവകാശ കമ്മീഷനും. ചെങ്കണ്ണ് രോഗം ഉണ്ടാകാനിടയുണ്ടെന്നാണ് ആരോഗ്യ വകുപ്പിന്റെ മുന്നറിയിപ്പ്. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതിനാൽ സമുദ്രജല നിരപ്പുയർന്ന് 2010 ൽ ദ്വീപ സമൂഹങ്ങളിലെ പത്തുശതമാനവും മുങ്ങിപ്പോയതാണ് റിപ്പോർട്ട്. 2050 ഓടെ ഇന്ത്യയിലെ 4 കോടി തീരദേശവാസികളെ ഇത് പ്രതികൂലമായി ബാധിക്കുമെന്നാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വിഭാഗത്തിന്റെ നിഗമനം. ഫിലിപ്പൈൻസിലും ചൈനയിലും ബംഗ്ലാദേശിലും യഥാക്രമം 15, 20 25 കോടി ജനങ്ങളെയും കണക്കുകൾ പ്രകാരം ആകെയുള്ള 60 ലക്ഷം കിണറുകളിൽ 42 ലക്ഷം വറ്റിവരണ്ടു, ചിലയിടങ്ങളിൽ കുഴൽ കിണറുകളും.

2016 ഏറ്റവും ചൂടേറിയ വർഷമാകുമെന്ന് ഐക്യരാഷ്ട്രസഭയുടെ നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷന്റെയും കേന്ദ്രകാലാവസ്ഥ വകുപ്പിന്റെയും സൂചന. കഴിഞ്ഞ 4000 വർഷത്തെ അപേക്ഷിച്ച് ചൂട് ഉയരുന്നത് കുത്തനെയാണ്. ഹരിതഗൃഹ വാതകങ്ങൾ 56 ശതമാനത്തോളം കൂടിയേക്കാമെന്നും പ്രവചിക്കപ്പെടുന്നു. ഈ നില തുടർന്നാൽ 2050 മുതൽ വർഷംതോറും ആ നൂറ്റാണ്ടിൽ മാത്രം സംഭവിക്കാവുന്ന കാട്ടുതീ, പ്രളയം, കൊടുങ്കാറ്റ് തുടങ്ങിയവ യൂറോപ്പിലെ ചില പ്രദേശങ്ങളിൽ ഉണ്ടാകുമത്രെ.

വ്യവസായ വിപ്ലവത്തിന് മുൻപുണ്ടായിരുന്നതിനേക്കാൾ ഭൗമോപരിതലത്തിന്റെ ചൂട് ഒരു ഡിഗ്രി സെൽഷ്യസ് വർധിക്കും. ഏപ്രിൽ 23ന് നാഗ്പൂരിൽ 45 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. കേരളത്തിൽ കൂടിയ ചൂട് മലമ്പുഴയിലും 41.9 ഡിഗ്രി മെയ് 19ന് ഉത്തർപ്രദേശിൽ 47.2 ഉം ജില്ലയിൽ 46.4 ഉം മെയ് 20 ന് രാജസ്ഥാനിലെ ഫലോഡിയിൽ 51 ഡിഗ്രി സെൽഷ്യസും ആയി കത്തിനിൽക്കുകയാണ്.

എല്ലാവരും വിശ്വസിക്കുന്നതുപോലെ സൂര്യരശ്മിയുടെ വികിരണത്തിന് ചൂട് കൂടിയതിനാലല്ല,



അന്തരീക്ഷ താപനില ഉയരുന്നത്. മറിച്ച് ഇത് ഭൂമിയിൽ പതിച്ച് പ്രതിഫലിക്കുന്നതിന്റെ തീവ്രത കൂടിയതിനാൽ നീർത്തടങ്ങളും പച്ചമേലാപ്പും ശോഷിക്കുകയും കോൺക്രീറ്റ് സൗധങ്ങളും ടാറിട്ട റോഡുകളും വർധിക്കുകയും ചെയ്യുമ്പോൾ അവയിൽ തട്ടുന്ന സൂര്യകിരണങ്ങൾ അധിക ചൂടോടെ അന്തരീക്ഷത്തിലെത്തുന്നത് ഒരു കാരണം. പെരുകുന്ന വാഹനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്ന നഗരവൽക്കരണവും നഗരത്തിലേക്കുള്ള കുടിയേറ്റവും ഇത് രൂക്ഷമാക്കുന്നു. മറ്റൊന്ന് വേനൽമഴ ഇക്കുറി 53 ശതമാനമായി കുറഞ്ഞത്. കേരളത്തിൽ വടക്കു പടിഞ്ഞാറൻ വരണ്ട കാറ്റ് അടിച്ചുകൊണ്ടിരുന്നതിനാൽ അറബിക്കടലിൽ നിന്നുള്ള തണുത്ത കാറ്റില്ലാതായി. ശ്രദ്ധേയമായ ഒരു കാര്യം എൽനിനോ പ്രഭാവം ശാന്തസമുദ്രത്തിലെ കൂടിയ താപനില. അതിന് വിപരീതമായി ലാനിന മെയ് അവസാനം രൂപപ്പെടുന്നതിനാൽ നമ്മുടെ സംസ്ഥാനത്ത് നല്ല കാലവർഷം ലഭിക്കുമെന്ന് കാലാവസ്ഥാ പ്രവചനം.

1992 ലെ ക്യോട്ടോ പ്രോട്ടോകോൾ മുതൽ ഹരിതഗൃഹ വാതകങ്ങൾ കുറച്ചുകൊണ്ടുവരാൻ ശ്രമമുണ്ടായെങ്കിലും നടന്നില്ല. ഏറ്റവും അവസാനത്തേതാണ് പാരീസിലെ ഭൗമ ഉച്ചകോടി. ഇതുപ്രകാരം കാർബൺഡയോക്സൈഡിന്റെയും മറ്റും വിസർജ്ജനം 1990 ലെ നിലയിലേക്ക് കുറച്ചുകൊണ്ടുവരണമെന്നാണ് തീരുമാനം. എന്നാൽ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിൽ 79ശതമാനത്തിന് ഉത്തരവാദികൾ അമേരിക്ക അടക്കമുള്ള ഒമ്പതു രാജ്യങ്ങളാണ്. ബാക്കിവരുന്ന 31 ശതമാനത്തിന് കാരണക്കാർ 210 ഓളം വരുന്ന രാഷ്ട്രങ്ങളും. അതുകൊണ്ട് തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല.

**വരൾച്ച മുന്നിൽ കണ്ട് യാഥാർത്ഥ്യബോധമുള്ള ബജറ്റ് സംസ്ഥാനങ്ങൾ തയ്യാറാക്കണം. ആധുരതയുടെ ഇനിയൊരുകാലം വരാതിരിക്കാൻ പ്രഥമവും പ്രധാനവുമായത് വൃക്ഷവൽക്കരണം. വയലും കായലും പുഴയും കടലും സംരക്ഷിക്കേണ്ടത് അനിവാര്യം.**

വരൾച്ചയിൽ ജനങ്ങളെ വലക്കരുതെന്ന് കേന്ദ്രത്തോട് സുപ്രീം കോടതി. വരൾച്ച മുന്നിൽ കണ്ട് യാഥാർത്ഥ്യബോധമുള്ള ബജറ്റ് സംസ്ഥാനങ്ങൾ തയ്യാറാക്കണം. ആസുരതയുടെ ഇനിയൊരുകാലം വരാതിരിക്കാൻ പ്രഥമവും പ്രധാനവുമായത് വൃക്ഷവൽക്കരണം. വയലും കായലും പുഴയും കടലും സംരക്ഷിക്കേണ്ടത് അനിവാര്യം. സുസ്ഥിര വികസനം സാധ്യമാക്കാവുന്ന തരത്തിൽ അത്യാർത്തി വെടിഞ്ഞ് മുൻകരുതലുകൾ എടുക്കേണ്ടതാണ്. നിർമ്മിതികൾ പ്രകൃതി സൗഹൃദമാകട്ടെ. ശാസ്ത്രസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയും പ്രതിസന്ധികൾ മുൻകൂട്ടി അറിയിക്കുകയും ദുരന്ത നിവാരണ മാർഗ്ഗങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യുകയും വേണം. ലളിത ജീവിതമാണ് സ്ഥായിയായ പരിഹാരം. ഇപ്പോഴത്തെ വേനൽമഴയും ഇനിയുണ്ടാകുന്ന മഴക്കാലവും പ്രതീക്ഷിച്ച് എപ്പോഴും തുടരുന്ന കാലാവസ്ഥാ മാറ്റത്തിനെതിരെ ജാഗ്രത പാലിക്കാതിരിക്കരുത്. കാരണം രാജ്യത്തെ മൊത്തം ജനസംഖ്യയിൽ 25 ശതമാനത്തോളം പേരും വരൾച്ചയോ ശുദ്ധജല ലഭ്യതയോ കുടിവെള്ളമോ ലഭിക്കാതെ ദുരിതമനുഭവിക്കുന്നവരാണ്.

*റിട്ട. പഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ*



ബിനു ഫ്രാൻസിസ്

# യൗവ്വന പ്രതീക്ഷകൾ

17 വയസ്സ് പൂർത്തീകരിച്ച് 18–ാം വയസ്സിലേയ്ക്ക് കടക്കുകയാണ് കുടുംബശ്രീ. ആലപ്പുഴയിൽ തുടങ്ങി, മലപ്പുറം ജില്ലയിൽ വ്യാപിപ്പിച്ച്, കേരളമാകെ ജ്വലിച്ച കുടുംബശ്രീ; ഇന്ന് ലോകത്തിനാകെ വിസ്മയമാണ്. ഭാരതത്തിലെ പല സംസ്ഥാനങ്ങളിലും സമാനമായ ദൗത്യം പരീക്ഷിച്ചെങ്കിലും, കേരളത്തിന്റെ മാത്രം അഭിമാനമായ, കുടുംബശ്രീക്ക് മറ്റു സംസ്ഥാനങ്ങളിൽ കാര്യമായി പച്ചപിടിക്കാൻ കഴിഞ്ഞില്ല. ഇതിനൊരു അപവാദം, ആന്ധ്രാപ്രദേശത്തിന്റെ സ്വന്തം മെപ്മക്കും സെർപ്പിനും മാത്രം. ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യവുമായി ഇറങ്ങിയ കുടുംബശ്രീ പ്രസ്ഥാനം ദൗത്യത്തിന്റെ തലങ്ങൾ വിട്ട് ഒരു പരിധി വരെ ഓർഗനൈസേഷന്റെ തലത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്.

സംസ്ഥാനത്തെ പകുതിയോളം കുടുംബങ്ങൾ (42 ലക്ഷം) ഇന്ന് കുടുംബശ്രീയിൽ അംഗങ്ങളാണ്. അടുത്ത 5 വർഷം കൊണ്ട് 60 ലക്ഷം കുടുംബങ്ങളെ അംഗങ്ങളാക്കി, ഭൂരിപക്ഷം കുടുംബങ്ങളുടെ വക്താവാകാനാണ് കുടുംബശ്രീ പദ്ധതിയിടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ കഠിന യജ്ഞമാണ് കേരളത്തിലെ പകുതി കുടുംബങ്ങളെ പ്രതിനിധീകരിക്കാൻ കഴിഞ്ഞത്. ഇപ്പോൾ ഒരു പൂർണതയിലാണ് എന്ന തോന്നൽ കൂടുതൽ കുടുംബങ്ങളെ അംഗങ്ങളാക്കുക എന്ന ലക്ഷ്യത്തിന് ഒരു വെല്ലുവിളി തന്നെയാണ്.

സ്ത്രീ ശാക്തീകരണത്തിലൂടെ; നിരാലംബരെന്നും, വരുമാന ദായകരല്ലാത്തവരെന്നും ഒരു കാലത്ത് അവഗണിച്ച് മൂലയിലൊതിക്കിയിരുന്ന സ്ത്രീകളെ ചാലകങ്ങളാക്കി തുടങ്ങിയ കുടുംബശ്രീ, ഇന്ന് സ്ത്രീ ശാക്തീകരണത്തിന്റെ വിളനിലമാണ്. സ്വയം തൊഴിലെടുത്തും, തീരുമാനങ്ങളിൽ ഭാഗമായും, സ്വയം സംഘടിച്ചും, ഭവനത്തിലെ വരുമാനദായക അംഗമായും ഇന്ന് കേരളത്തിൽ ശോഭിക്കുന്ന സ്ത്രീയുടെ 15 വർഷത്തിന് മുമ്പുള്ള അവസ്ഥയുമായി ഒന്ന് താരതമ്യപ്പെടുത്തുന്നത് ഉചിതമായിക്കും. പഞ്ചായത്ത് ഓഫീസുകൾ, ബാങ്കുകൾ തുടങ്ങി, വിവിധ ഓഫീസുകളിൽ 15 വർഷത്തിന് മുമ്പുള്ള സ്ത്രീ സാന്നിദ്ധ്യവും ഇന്നത്തെ സ്ത്രീ സാന്നിദ്ധ്യവും താരതമ്യം ചെയ്യുമ്പോൾ, വിവിധ മേഖലകളിൽ സ്ത്രീകൾ കൈവരിച്ച നേട്ടം മനസ്സിലാക്കാവുന്നതാണ്. വിവിധ ഇടപാടുകൾക്കായി ബാങ്കുകളിൽ സമീപിക്കുന്ന ഗുണഭോക്താക്കളിൽ 30% മുതൽ 40% വരെയും പഞ്ചായത്ത് ഓഫീസുകളിൽ എത്തുന്ന സ്ത്രീകളുടെ സാന്നിദ്ധ്യം 30% ത്തിനും മുകളിലാണ് എന്നത് സേവന മേഖലയിൽ സ്ത്രീകളുടെ മുന്നേറ്റം മനസ്സിലാക്കിപ്പിക്കുന്നതാണ്.

സാമൂഹിക തലത്തിൽ സ്ത്രീകൾക്ക് കുടുംബശ്രീ വഴി ഉണ്ടായ മുന്നേറ്റം തന്നെയാണ് തദ്ദേശ സ്ഥാ



പനങ്ങളിലെ 50% സംവരണം എന്ന് ചിന്തിക്കുവാൻ 10 വർഷങ്ങൾക്ക് മുമ്പ് സർക്കാരിനെ പ്രേരിപ്പിച്ചത്. ഇന്ന് 50% ത്തിലധികം തിരഞ്ഞെടുത്ത തലങ്ങളിൽ അധികാരം കൈകാര്യം ചെയ്യുന്നതിലൂടെ തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് സ്ത്രീകൾക്ക് അറിവ് വന്നതോടു കൂടി അവർ തങ്ങളുടെ അഭിമാനതലത്തിലും ശ്രദ്ധിക്കാൻ തുടങ്ങി. ഇന്ന് പാവപ്പെട്ട, സാധാരണക്കാരായ സ്ത്രീകൾ, അഭിമാനത്തിന് വിലമതിക്കുന്നത് തങ്ങളുടെ വ്യക്തിത്വത്തിന്റെയും ബോധനത്തിന്റെയും സൂചകങ്ങളാണ്. ഇത്തരത്തിലുള്ള സ്ത്രീ മുന്നേറ്റത്തിന്റെ പാതയിൽ കുടുംബശ്രീയെ വിസ്മരിക്കാൻ ആർക്കും കഴിയില്ല.

17-വർഷത്തിനിടയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ കേരളം വിവിധ മേഖലകളിൽ കൈവരിച്ചത്. ലഘു സമ്പാദ്യത്തിൽ നാളിതുവരെ 3192 കോടി രൂപ ശേഖരിക്കാനും, ലിങ്കേജ് ലോണായി 4665 കോടി രൂപ നൽകാനും ആന്തരിക വായ്പയായി 13058 കോടി രൂപ നൽകാനും കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ താഴെത്തട്ടിലുള്ള സ്ത്രീകളുടെ ഇടയിൽ വലിയ സാമ്പത്തിക ക്രയവിക്രയങ്ങളാണ് കുടുംബശ്രീ പ്രസ്ഥാനം വഴി നടക്കുന്നത്. കാർഷിക മേഖലയിലും കുടുംബശ്രീയുടെ പങ്ക് വളരെ നിസ്തുലമാണ്. 54167 ജെഎൽജി ഗ്രൂപ്പുകളിലായി 2 ലക്ഷം അംഗങ്ങളുണ്ട്. കർഷകരെ പ്രാപ്തരാക്കുന്ന 962 ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകളും 165 സീഡ് ബാങ്കുകളും 192 ബയോ ഫാർമസിയും ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രസ്ഥാനം വഴി 4236 വ്യക്തിഗത സംരംഭങ്ങൾക്കും 15402 ഗ്രൂപ്പ് സംരംഭങ്ങൾക്കും രൂപം കൊടുക്കാൻ കഴിഞ്ഞു. ആശ്രയ പദ്ധതി വഴി നിരാലംബരായ 1,29,415 ഗുണഭോക്താക്കളെ സംരക്ഷിക്കാനും കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 59 ബഡ്സ് സ്കൂളുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാനും 2410 കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനും കഴിഞ്ഞിട്ടുണ്ട് എന്നത് എടുത്തു പറയത്തക്കതാണ്. കുടുംബശ്രീ കുടുംബങ്ങളിലെ കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനും ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണം മനസ്സിലാക്കി നല്ല വ്യക്തിത്വമുള്ളവരാക്കി മാറ്റുന്നതിനും ബാലസഭകൾ ആരംഭിച്ചു. 40869 ബാലസഭകളിലായി 4.3 ലക്ഷം കുട്ടികൾ ഇന്ന് കുടുംബശ്രീ ബാലസഭകളിൽ സജീവമാണ്.

തങ്ങൾക്കു ചുറ്റും നടക്കുന്ന കുറ്റകൃത്യങ്ങൾ എന്തൊക്കെയെന്നും ഇതിനുള്ള കാരണങ്ങളും സാഹചര്യവും മനസിലാക്കി ഇവ കുറയ്ക്കുന്നതിനായി 72 പഞ്ചായത്തുകളിൽ ആരംഭിച്ച ക്രൈംമാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 943 സിഡിഎസ്സുകളിൽ ജെൻഡർ കോർണറുകളും 6 ജില്ലകളിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കും ആരംഭിക്കാനും സാധിച്ചു. ഇത്തരത്തിൽ സാമൂഹിക സാമ്പത്തിക സ്ത്രീശാക്തീകര മേഖലകളിലെ വിവിധ പദ്ധതികളിൽക്കൂടി കുടുംബശ്രീയുടെ പ്രവർത്തനം സമൂഹത്തിലെ താഴെത്തട്ടിലുള്ള എല്ലാവരിലും എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലകൾ ഇന്ന് ഇല്ല. പരമ്പരാഗത മേഖലയിൽ നിന്നും വ്യതിചലിച്ച്, നൂതനവും കാലാനുസൃതവുമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ വനിതകൾക്ക് സാധ്യമായിട്ടുണ്ട്. വെൽനസ് സെന്റർ, കുടുംബശ്രീ ടാക്സി സർവ്വീസ്, ഓട്ടോ-ടാക്സി, നിർമ്മാണ ഗ്രൂപ്പുകൾ, അപ്പാരൽ പാർക്കുകൾ, കഫേശ്രീ, ഐറ്റി യൂണിറ്റുകൾ, മിനറൽ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. സംരംഭ മേഖല



ശക്തിപ്പെടുത്തുന്നതിന് കൺസോർഷ്യങ്ങളും പ്രൊഡ്യൂസർ കമ്പനിയും ആരംഭിക്കുന്നതിനോടൊപ്പം ഉത്പ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണിയിൽ എത്തിക്കുന്നതിനും കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രസ്ഥാനം കേന്ദ്ര –സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടെ നോഡൽ ഏജൻസിയായും പ്രവർത്തിച്ചുവരുന്നു. നഗര മേഖലയിൽ, കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കുന്നത് കുടുംബശ്രീയാണ്. നിലവിൽ, നഗരമേഖലയിൽ, SJSRY, NSDP, WAMBAY, USHA, IHSDP, RRY, IHSUP, BSUP, RAY, NULM, PMAY എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് കുടുംബശ്രീയാണ്. പ്രസ്തുത പദ്ധതികൾ വഴി 1230 കോടി രൂപയുടെ പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. വിവിധ ഭവന പദ്ധതികൾ വഴി 61690 ഭവനങ്ങൾ നിർമ്മിക്കാനും, 1216 പശ്ചാത്തല മേഖലയിലെ പ്രവർത്തനങ്ങളും വിവിധ നഗരസഭകളിലൂടെ നടപ്പിലാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ NRLM, DDUGKY, MKSP, NRLP എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ കുടുംബശ്രീ വഴി നടപ്പിലാക്കുന്നുണ്ട്. ഇതുവഴി 7376.4 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത്.

കൗമാരം കഴിഞ്ഞ് സക്രിയമായ യുവത്വത്തിലെക്ക് കടക്കുമ്പോൾ നടപ്പിലാക്കിയ പദ്ധതികളുടെ സുസ്ഥിരതയും, നടപ്പിലാക്കാനുള്ള പദ്ധതികളുടെ പുതുമയെയും സ്വപ്നം കാണുകയാണ് മലയാളികൾ. എന്നാൽ ചില സ്ഥലങ്ങളിലെ ചില പോരായ്മകൾ കാണാതെ മുന്നോട്ടുപോകാനും നമുക്ക് കഴിയുകയില്ല. സജീവമല്ലാത്ത അയൽക്കൂട്ടങ്ങൾ, രേഖകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കുടുംബശ്രീ അംഗങ്ങൾ, പുതുജീവിതം സ്വപ്നം കണ്ട്, കടക്കെണിയിലായ സംരംഭകർ, സബ്സിഡി വാങ്ങാൻ മാത്രം തുടങ്ങുന്ന കടലാസ് സംരംഭങ്ങൾ, ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആഡംബരത്തിനും വായ്പ എടുക്കുന്ന വീട്ടമ്മമാർ, വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത വീട്ടമ്മമാർ, സഹസംഘങ്ങളാൽ ചതിക്കപ്പെട്ട സംഘാംഗങ്ങൾ എന്നിവരെ കാണാതെ കുടുംബശ്രീക്ക് ഇനി മുന്നോട്ട് പോകാൻ കഴിയുകയില്ല.

തുടങ്ങിയ പല പദ്ധതികളും തുടക്കത്തിലെ വെറും ആവേശമായി മാത്രം മാറിയ ചില കാഴ്ചകളും നമ്മുടെ ഇടയിലുണ്ട്. ഇവയുടെ സുസ്ഥിരത ഉറപ്പാക്കി, ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കരഗതമാക്കേണ്ടതായിട്ടുണ്ട്. കുടുംബശ്രീയുടെ പേരിലുള്ള ബിനാമി സംരംഭങ്ങളും ഉൽപ്പന്നങ്ങളും ഇന്ന് ഒരു വെല്ലുവിളിയാണ്. ചടങ്ങായി മാറുന്ന പ്രതിവാര യോഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സഹകരണമില്ലായ്മ എന്നിവ പരിശോധിക്കപ്പെ ടേണ്ടതായിട്ടുണ്ട്.

പുതുമ നഷ്ടപ്പെട്ട, ആവേശം കൈവിട്ട, കുടുംബശ്രീയെയാണ് ചില സ്ഥലങ്ങളിലെങ്കിലും നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്. ഇത്തരത്തിൽ പുതുതായി അംഗങ്ങളെ ചേർത്ത് 75% കുടുംബങ്ങളെ അംഗങ്ങളാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. കുടുംബശ്രീ ഇന്ന് 7 സംസ്ഥാനങ്ങളിൽ എൻആർഒ ആയി പ്രവർത്തിക്കുന്നു. ഇത് പകുതിയോളം സംസ്ഥാനങ്ങളിലെങ്കിലും എത്തിക്കേണ്ടതായിട്ടുണ്ട്. സംരംഭർക്ക് അനുകൂല സാഹചര്യം ഒരുക്കി കുറഞ്ഞ പലിശയിൽ വ്യക്തി, ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനും അവ സ്ഥായിയായി നിലനിർത്തി വരുമാന സ്രോതസ്സ് ആക്കി മാറ്റുക എന്നത് യാഥാർത്ഥ്യമാക്കേണ്ടതാണ്.

നൂതന മേഖലകളിൽ, നവീന ആശയങ്ങളുമായി വരുന്ന കുടുംബശ്രീ സംരംഭകർക്ക് താങ്ങും തണലുമായി മാറുക എന്നതും കുടുംബശ്രീ ലക്ഷ്യമിടുന്നു. ധാരാളം പണമിടപാടുകൾ നടത്തുന്ന കുടുംബശ്രീ അംഗങ്ങൾക്ക് സ്വന്തമായി ഒരു ധനകാര്യ സ്ഥാപനമെന്നത് യഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയണം.

എൻയുഎൽഎം/ഡിഡിയുജികെവൈ പദ്ധതികൾ വഴി ലഭിക്കുന്ന സാമ്പത്തിക സഹായവും നൈപുണ്യ പരിശീലനവും മുതലാക്കി, യുവജനതയെ നൈപുണ്യ വിദഗ്ദ്ധരാക്കി, ഒരു തലമുറയെ സ്വയം സംരംഭകരോ വരുമാനദായകരോ ആക്കി അഭിമാനത്തോടെ ജീവിക്കാൻ പ്രാപ്തരാക്കാനും കുടുംബശ്രീക്ക് കഴിയണം. തരിശു കിടക്കുന്ന ഭൂമികളിൽ പച്ചപ്പ് വിരിയിച്ച് പച്ചക്കറിയിലും മറ്റു ആഹാര ഇനങ്ങളിലും സ്വയം പര്യാപ്തമായ കേരളത്തിനേയും കുടുംബശ്രീ വഴി കാണാൻ നമുക്ക് കഴിയണം.

വെല്ലുവിളികൾ ഏറെയെങ്കിലും സുസ്ഥിരതയും ദീർഘവീക്ഷണവുമുള്ള നയങ്ങളിലൂടെ അതിലേറെ ചടുലതയുള്ള നീക്കങ്ങളിൽക്കൂടി ഈ ലക്ഷ്യം കൈവരിക്കാൻ നമുക്ക് പ്രവർത്തിക്കാം.

*കുടുംബശ്രീ പ്രോഗ്രാം ആഫീസറാണ് ലേഖകൻ*



ജി. കെ. സതീഷ്കുമാർ

# മഴക്കാലം

## മഴവെള്ള സംരക്ഷണം രോഗപ്രതിരോധം മുൻകരുതലുകൾ

വേനൽചൂടിന്റെ കാഠിന്യം കഴിഞ്ഞ് പ്രകൃതിയെ പുളകമണിയിച്ച് സസ്യജന്തു ജീവജാലങ്ങൾക്ക് പുതുജീവൻ നൽകി ഇടവപ്പാതി കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഈ സമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഴവെള്ള സംഭരണത്തിനും മൺസൂൺ പൂർവ്വകാല പ്രതിരോധത്തിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള സംരംഭങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**മഴയാണ് കേരളത്തിന്റെ പ്രാഥമിക ജലസ്രോതസ്സ്. തണ്ണീർ തടങ്ങളും, വയലുകളും, കുളങ്ങളും ഇന്ന് നശിപ്പിക്കപ്പെടുകയും വൻതോതിൽ നികത്തപ്പെടുകയും ചെയ്യുന്നു. വീടുകളിലും ജലസംഭരണ മാർഗങ്ങളില്ല.**

ആദ്യമായി മഴവെള്ള സംഭരണത്തെപ്പറ്റി ചിന്തിക്കാം. മഴയാണ് കേരളത്തിന്റെ പ്രാഥമിക ജലസ്രോതസ്സ്. തണ്ണീർ തടങ്ങളും, വയലുകളും, കുളങ്ങളും ഇന്ന് നശിപ്പിക്കപ്പെടുകയും വൻതോതിൽ നികത്തപ്പെടുകയും ചെയ്യുന്നു. വീടുകളിലും ജലസംഭരണ മാർഗങ്ങളില്ല. പണ്ട് കാലത്ത് പുരയിടങ്ങൾ കൃത്യമായി എല്ലാ വർഷവും കിളയ്ക്കുകയും തടയണകൾ നിർമ്മിക്കുകയും ചെയ്യുന്നത് വഴി മഴവെള്ളം അതാത് പ്രദേശങ്ങളിൽ തന്നെ കെട്ടി നിർത്തി ഭൂഗർഭജല സംരക്ഷണം സാധ്യമാക്കിയിരുന്നു. ഇന്ന് വീടിന്റെ പരിസരങ്ങൾ വരെ കോൺക്രീറ്റ് ചെയ്തും, അത്തരം പ്രദേശങ്ങൾ വർദ്ധിച്ചതും കാരണം പെയ്യുന്ന മഴ ഭൂമിയിൽ തങ്ങിനിന്ന് വെള്ളം സംരക്ഷിക്കപ്പെടാതെ വളരെ വേഗം ഒലിച്ചു പോകുന്നു. ഇവ തോടുകളിലും നദികളിലും എത്തി വളരെ വേഗം കടലിലേയ്ക്ക് ഒഴുകി പോകുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് കടലിലേക്ക് ചരിഞ്ഞ രീതിയിലായതിനാൽ മഴയായി ലഭിക്കുന്ന 70% വെള്ളവും സംഭരിക്കപ്പെടാതെ കടലിലേക്ക് ഒഴുകുന്നു ഇത് ഭൂജലസംരക്ഷണത്തിന് വൻ തിരിച്ചടിയാകുന്നു. മനുഷ്യന്റെ



പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാരണം കാലാവസ്ഥാ വ്യതിയാനം ഉണ്ടായികൊണ്ടിരിക്കുന്നു. ജലസമൃദ്ധമായ നമ്മുടെ കേരളത്തിലെ പല സ്ഥലങ്ങളിലും വേനൽക്കാലത്ത് കടുത്ത വരൾച്ചയും, കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നത് വിരോധാഭാസസമായി തോന്നാം. കടലിലേയ്ക്ക് ഓടുന്ന വെള്ളത്തെ 'നടത്തണം കിടത്തണം ഉറക്കണം' എന്ന മുദ്രവാക്യം കാലങ്ങൾക്ക് മുൻപ് തന്നെ കേട്ടു തുടങ്ങിയതാണ്. എന്നാൽ മഴവെള്ള സംഭരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ പ്രാധാന്യം നൽകുന്നുണ്ടോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്. പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, പുതൂർ, ഷോളയാർ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ മാതൃകപരമായ പ്രവർത്തനങ്ങൾ നടത്തിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ പരിശീലനത്തിന്റെ ഭാഗമായി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മഴക്കുഴികൾ, തടയണകൾ, കയ്യാലകൾ, എന്നിവയുടെ നിർമ്മിതികൾ, മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ഭൂഗർഭജല

**ജലസമൃദ്ധമായ നമ്മുടെ കേരളത്തിലെ പല സ്ഥലങ്ങളിലും വേനൽക്കാലത്ത് കടുത്ത വരൾച്ചയും, കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നത് വിരോധാഭാസസമായി തോന്നാം. കടലിലേയ്ക്ക് ഒഴുകുന്ന വെള്ളത്തെ 'നടത്തണം കിടത്തണം ഉറക്കണം' എന്ന മുദ്രവാക്യം കാലങ്ങൾക്ക് മുൻപ് തന്നെ കേട്ടു തുടങ്ങിയതാണ്. എന്നാൽ മഴവെള്ള സംഭരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ പ്രാധാന്യം നൽകുന്നുണ്ടോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്.**

സംരക്ഷണത്തിനും സഹായിക്കുന്ന കൃഷി രീതികൾ, തണ്ണീർത്തട സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നമ്മുടെ നാടിന്റെ ദാഹം തീർക്കാൻ ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

അടുത്തതായി മഴക്കാലത്ത് ഉണ്ടാകാനിടയുള്ള രോഗങ്ങളെ പ്രതിരോധിക്കലാണ്. എല്ലാ വർഷവും ഈ സമയത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ നടത്തുന്നുണ്ട്. പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ ഇത് വലിയ ഒരളവ് വരെ സഹായിക്കുന്നുമുണ്ട്. എന്നാൽ അടുത്തകാലത്ത് നാം മുൻപ് കേട്ടിട്ടില്ലാത്ത പുതിയ പുതിയ പേരുകളിൽ പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നത് ആശങ്കാജനകമാണ്. എല്ലാ വകുപ്പുകളുടേയും കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ടേ ഇവയെ പ്രതിരോധിക്കാൻ കഴിയൂ. വ്യക്തിശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും ആവശ്യകത പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തി ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ശുചിത്വസംസ്കാരം വളർത്തിയെടുത്ത് മഴക്കാലത്തെ ജലജന്യ കൊതുകുജന്യ രോഗങ്ങളിൽ നിന്നും രക്ഷിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.

# ഓണാട്ടുകരയിലെ നടീൽ കാലങ്ങൾ

അഭിലാഷ് കരിമുളയ്ക്കൽ

കേരളത്തിന്റെ കാർഷിക ഭൂപടത്തിൽ ഓണാട്ടുകരയ്ക്ക് സവിശേഷമായൊരു സ്ഥാനമുണ്ട്. ആണ്ടുവട്ടകൃഷിയുള്ളൊരു ഭൂവിഭാഗം. കൃഷികൾ അവസാനിക്കുന്നില്ല.

ഒരു കൃഷി കഴിഞ്ഞാൽ അടുത്ത കൃഷി എന്നാണ് കണക്ക്. ആലപ്പുഴ, കൊല്ലം, പത്തനംത്തിട്ട ജില്ലകളിലായി 44 പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒരു ചെറു പ്രദേശമാണ് ഓണാട്ടുകര. പടിഞ്ഞാറ് അറബിക്കടൽ അതിരിടുന്നു. പഞ്ചസാര മണൽമണ്ണാണ് ഓണാട്ടുകരയുടേത്. കണ്ടാൽ ഒട്ടും ഫലഭൂയിഷ്ടമല്ല. പക്ഷേ, വിത്തെറിഞ്ഞാൽ വമ്പൻ വിളവ് തീർച്ച.

ശൈത്യകാല വിളകൾ ഒഴികെ എന്തും കൃഷിചെയ്തു പോരുന്ന മണ്ണ്. നെല്ല് പച്ചക്കറികൾ, വാഴ, ഫലവൃക്ഷങ്ങൾ, തെങ്ങ്, കവുങ്ങ്, വെറ്റില, ജാതി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔഷധസസ്യങ്ങൾ വരെ നീണ്ടുപോകുന്നു വിളപ്പെരുമ. കൂടാതെ ഉൾനാടൻ ശുദ്ധജലമത്സ്യവും. വരാലും, മുശിയും,കൂരിയും, ആരകനും പിന്നെ കരിമീനിനെ വെല്ലുന്ന രുചിയുള്ള കൈതക്കോരയും, ഉൾനാടൻ മത്സ്യയിനങ്ങളായിരുന്നു. ഓണാട്ടുകരയിൽ മാത്രമായി കണ്ടുവന്നിരുന്ന ഒരിനം ചെറുകന്നുകാലികളും, ആടുകളും ധാരാളമായി കാർഷക ഭവനങ്ങളിൽ വളർത്തിയിരുന്നു. വീട്ടുവളപ്പിൽ കോഴികളെയും, ചുറ്റുപാടുമുള്ള തോടുകളും,വയലും ഉപയോഗപ്പെടുത്തി താറാവുകളെയും വളർത്തിയിരുന്നു ഓണാട്ടുകരക്കാർ.

365 ദിവസവും നീണ്ടു നിൽക്കുന്ന കൃഷികാഴ്ചകൾക്കൊപ്പം ഓണാട്ടുകര ഉത്സവങ്ങൾക്കും പ്രസിദ്ധമാണ്. ലോകത്തിലെതന്നെ ഏറ്റവും വലിയ കെട്ടുകാഴ്ച നടക്കുന്ന ചെട്ടിക്കുളങ്ങര ഭരണിയും, ഓച്ചിറ, നൂറനാട്, പടനിലം തുടങ്ങിയ ഒട്ടേറെ ചെറുതും, വലുതുമായ ക്ഷേത്രങ്ങളിലെ പകൽപ്പൂര കെട്ടുകാഴ്ചകൾ മറ്റെവിടെയും കാണാത്ത കാഴ്ചകൾ തന്നെയാണ്.

ഈ ഉത്സവങ്ങളെക്കെയും കൃഷിയുമായി നേരിട്ട് ബന്ധമുള്ളതാണ്. മകര കൊയ്ത്തു കഴിഞ്ഞാൽ ഗ്രാമസമൃദ്ധി നേരിൽ കാണാൻ ഗ്രാമദേവതമാർ ജീവിതങ്ങളിലേക്കും കർഷക ഭവനങ്ങളിലേക്കു എത്തുന്നതാണ് ഉത്സവതുടക്കം. പറയെഴുന്നള്ളിപ്പ് എന്നതാണ് ഇതിനെ വിളിക്കുക. നിറപറ നൽകി ഗ്രാമീണർ ദേവതമാരെ ഗൃഹങ്ങളിൽ സ്വീകരിക്കുന്നു. നെല്ലും, പൂവും കൊണ്ട് കർഷകരെ ആശീർവദിച്ച് ഗ്രാമദേവത ഓരോ കർഷക ഭവനങ്ങളിലും എത്തി തിരികെ ശ്രീകോവിലിൽ എത്തുമ്പോഴേക്കും നെൽ വൈയ്ക്കോലിൽ മെനഞ്ഞെടുത്ത കെട്ടുകാളകളെ കുടമണി കിലുക്കത്തോടെ, വാദ്യഘോഷങ്ങൾ അകമ്പടി ചേർത്ത് കരക്കാർ ദേവാലയങ്ങളെ ആഘോഷ വേദിയാക്കുമ്പോൾ ഗ്രാമങ്ങൾ ഉത്സവ ലഹരിയിൽ ആറാടുകയായി.

മകരം, കുംഭം, മീനം, മേടം വരെ നീളുന്നതാണീ ഓണാട്ടുകരയിലെ ഉത്സവ രാവുകൾ.പക്ഷേ ഈ കാലത്തുതന്നെയാണ് ഓണാട്ടുകരയിൽ നടുതലകൃഷിക്കാലവും. അവയുടെ വിത്തുകൂലികളുടെ ക്രയവിക്രയവും ക്ഷേത്ര പരിസരത്തു തന്നെയുണ്ടാവും. ചെട്ടിക്കുളങ്ങര ഉത്സവത്തോടനുബന്ധിച്ചുള്ള ഭരണി ചന്ത ഏറ്റവും പ്രസിദ്ധമാണ്. നടുതല കൃഷിക്കുവേണ്ട വിത്തുകൾ കർഷകർ നേരിട്ടുകൊണ്ടു വരുന്നു. ആവശ്യക്കാർ കർഷകരിൽ നിന്നും വിലപേശി വാങ്ങിപോകുന്നു.

ഓണാട്ടുകരയിൽ വയൽകൃഷി മൂന്നുപൂവാണ്. വിരിപ്പും, മുണ്ടകനും നെല്ലുതന്നെ കൃഷി. മുണ്ടകൻ കൊയ്ത്തു കഴിഞ്ഞാൽ എള്ളിൻ





പൂക്കാലമായിരിക്കും മകര കൊയ്ത്തുകഴിഞ്ഞ പാടം ഓരുചാൽ പൂട്ടി കണ്ടം തോർന്നതിനുശേഷം എള്ളു വിതയ്ക്കുന്നു. ഓരേക്കർ കണ്ടത്തിലേക്ക് രണ്ടു കിലോ വിത്ത് എന്നാണു കണക്ക്. മകരമഞ്ഞിന്റെ ഈർപ്പം മതി എള്ളുമുളയ്ക്കാനും, വളരാനും. മകരം, കുംഭ മാസങ്ങളിലെ രാത്രി മഞ്ഞും, പകലിലെ ചൂടും നിറഞ്ഞ കാലാവസ്ഥയാണ് എളുകൃഷിയ്ക്കു വേണ്ടത്. ഒന്നോ, രണ്ടോ ഇടമഴ കൂടി കിട്ടുമ്പോഴേക്കും എള്ളു വിളഞ്ഞിരിക്കും. ഓണാട്ടുകര എള്ള് വളരെ പ്രസിദ്ധമായിരുന്നു. ഓരോ ആവശ്യത്തിനും ഓരോ ഇനം എള്ളുണ്ടായിരുന്നു. എണ്ണ എടുക്കാനായി ആശാളി എന്നൊരിനവും, പലഹാരത്തിനായി കറുത്ത തൊണ്ടനും. രണ്ടും അന്യമായിരിക്കുന്നു.

എള്ളാട്ടിയ എണ്ണ ഓണാട്ടുകരക്കാരുടെ ഒരു ദൗർബല്യമായിരുന്നു. തേച്ചു കുളിയ്ക്കാൻ ദേഹത്തിനും, തലയ്ക്കും ഒരു കുടന്ന എള്ളെണ്ണ വേണമായിരുന്നു.

വയലിൽ വിരിപ്പും, മുണ്ടകനുമായി ചെയ്യുന്ന നെല്ല് കൃഷി ഓണാട്ടുകരയുടെ സമൃദ്ധി വിളിച്ചോതുന്നതായിരുന്നു. തിരുവിതാംകൂർ രാജ്യത്തിലെ രാജാവിനു ഓണമുണ്ണാനുള്ള അരി ഓണാട്ടുകരയിൽ നിന്നായിരുന്നു. പുറമെയുള്ള പച്ചക്കറികളും,നേന്ത്രക്കുലയും എല്ലാം. ഇക്കാരണത്താൽ പഴമക്കാർ ഓണാട്ടുകരയെ ഓണമൂട്ടുകര എന്നു വിളിച്ചിരുന്നു.

കരപ്പുരയിടങ്ങളിൽഎന്തും വിളയിക്കാം. മീനം 27 നും പത്താമുദയത്തിനുമിടക്ക് ആരംഭിച്ചിരുന്ന കരനെൽകൃഷി ഏറെ പ്രസിദ്ധമാണ്. മീനത്തിൽ തുടങ്ങി കർക്കിടകം ഒടുവിൽ കൊയ്തുമെതിച്ച് പുഴുങ്ങി കുത്തി അരിയാക്കി ആ പുന്നെല്ലരി കൊണ്ടു ഓണമുണ്ടവരത്രെ ഓണാട്ടുകരക്കാർ. കരകൃഷിയ്ക്കായി പാറപിളർപ്പൻ, കല്ലുപിളർപ്പൻ എന്നിങ്ങനെയും പ്രത്യേക നെല്ലിനങ്ങളും ഉണ്ടായിരുന്നു.

വയലിറമ്പുകളിലെ ഈർപ്പം നിറഞ്ഞ തകിടി പുരയിടങ്ങളിൽ സമൃദ്ധിയായി പച്ചക്കറികൾ ചെയ്തു പോന്നിരുന്നു. തകിടിയിൽ മാത്രമല്ല വയലിലും, പറമ്പിലും പച്ചക്കറികൾ ചെയ്തിരുന്നു.

ഓണാട്ടുകര പട്ടു ചീര പ്രസിദ്ധമാണ്. മൂന്നടി ഉയരത്തിൽ പട്ടിന്റെ നിറത്തിലുള്ള വലിയ ഇലയും, ശാഖോപശാഖകളും നിറഞ്ഞ ചീര അരിഞ്ഞരിഞ്ഞാണ് വിളവെടുക്കുക. വീണ്ടും, വീണ്ടും വിളവെടുക്കാൻ കഴിയുന്ന ചീരയിനമാണ് ഓണാട്ടുകര പട്ടു ചീര. ഓണാട്ടുകരയിലെ ചീരക്കാലം വൃശ്ചികത്തിൽ തുടങ്ങി മേടത്തിൽ അവസാനിക്കും. ചീര തീർന്നാലുടൻ ചീര നട്ടിടത്ത് തടമെടുത്ത് വഴുതിന കൃഷി തുടങ്ങും. വിശ്ചികം മുതൽ ധനു വരെ പയർ കൃഷിയും. പയർ കഴിഞ്ഞാൽ ആ തടത്തിൽ വെണ്ട കൃഷിയും തുടങ്ങും. മിഥുനം കർക്കിടകത്തിൽ പാവലും കൃഷി ചെയ്യും.

വാഴ ആണ്ടു വട്ടമുണ്ട്. പൂവനും, കദളിയും, ചാരപ്പൂവനും, ഞാലിയും, പാളയംകോടനും, നേന്ത്രനും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വാഴയിനങ്ങളാൽ സമൃദ്ധമാണ് ഓണാട്ടുകര.

നടുതലകൃഷിയിൽ മറ്റെവിടെയും കാണാത്ത വൈവിദ്ധ്യമാണ് ഓണാട്ടുകരയിൽ. ഇടവിളയായി ചെയ്യുന്ന നടുതല കൃഷിയ്ക്കും പ്രത്യേകമായ കാർഷിക കലണ്ടർ ഉണ്ട്. ചേനകാലം വർഷത്തിൽ രണ്ടു തവണയാണ്. മകരത്തിലെ തൈപ്പൂയത്തിൽ നട്ട് കർക്കിടകത്തിൽ വിളവെടുക്കുന്ന ഒരു ചേനകാലവും, കുംഭത്തിൽ നട്ട് തുലാമാസത്തിൽ വിളവെടുക്കുന്ന മറ്റൊരു ചേനകാലവും.

ചേനയ്ക്കതടമെടുക്കുക രണ്ടരയടി ചുറ്റളവിലാണ് മുക്കാൽ അടി ആഴവും ഉണ്ടാവും. ഒരു കിലോയിലയധികം തൂക്കമുള്ള 'ചേനപ്പൂക്കൾ' (ചേനവിത്ത്) ചാണകപ്പാലിൽ മുക്കി മൂന്നുനാലുദിവസം ഉണക്കിയ ശേഷമാണ് നടുക. ചേനയുടെ പൂളു ഭാഗം (മുറിഭാഗം) നടുന്ന ആളിന്റെ വലതു വശത്തു വരത്തക്ക വിധം നട്ട് മണ്ണടുപ്പിച്ച് ചവിട്ടു ഉറപ്പിയ്ക്കുന്നു. ഉണങ്ങിപ്പൊടിഞ്ഞ ചാണകവും ഒരു കുട്ട അപ്പോൾ തന്നെ ഇട്ട് കരിയില (ഉണക്കയില) കൊണ്ട് നന്നായി പുതയിടുന്നു. ഇങ്ങനെയാണ് ഓണാട്ടുകരക്കാർ ചേന നടുക.

മകരത്തിൽ തന്നെ നനകിഴങ്ങും, ചെറുകിഴങ്ങും കൃഷി തുടങ്ങും. നാലു തടം ചതുരത്തിൽ എടുത്ത് അതിൽ വിത്തിട്ട് ചേനയ്ക്കു ചെയ്യും പോലെ ചാണകപ്പൊടിയും കരിയിലയും വളമായി ചേർത്ത് മണ്ണിട്ട് ചവിട്ടി ഉറപ്പിച്ചാൽ പിന്നെ വള്ളി വീശി തുടങ്ങുമ്പോൾ മുക്കാലി കെട്ടി പടർത്തും. കന്നിയിൽ വിളവെടുക്കും.

ധനുമാസത്തിലാണ് കാച്ചിൽ (കാപത്ത്) കൃഷി. ഒരു മീറ്റർ ആഴത്തിലും അരമീറ്റർ വീതിയിലും

കാച്ചിൽ നടാനുള്ള കുഴിയെടുക്കും. കുഴിയിൽ കരിയില, പച്ചില വളം, ചാണകം, ഗോമൂത്രം എന്നിവ നിറച്ച് കുംഭമാസം വരെ ഇടുന്നു. കുംഭത്തിൽ കുഴിവെട്ടി പുരട്ടി കുമ്പലാക്കിയിടും. 200 ഗ്രാം മുതൽ മുകളിലേക്കു തൂക്കമുള്ള കാച്ചിൽ പൂളുകൾ ചാണകപ്പാലിൽ മുക്കി തണലിൽ 4-5 ദിവസം ഉണക്കിയാണ് നടുക. വള്ളിയിൽ ഉണ്ടാവുന്ന കിഴയ്ക്കകയും നടാൻ ഉപയോഗിക്കും. ചെറുകാച്ചിൽ ഇത്തരത്തിൽ വിളയിച്ച് കാച്ചിൽപ്പൂൾ നട്ടാലുടൻ ഒന്നു നനയ്ക്കും പിന്നെ 10 ദിവസത്തിലൊരിക്കൽ വീതം ജലസേചനം നടത്തുന്നു. 20- 25 ദിവസമെത്തുമ്പോഴേയ്ക്കും ഇടകിളച്ച് കോലുകുത്തി ഏറ്റം കെട്ടും. 30-ാം ദിവസം പടർത്തി വിടും. 'ഒരു മുഴം കാച്ചിലിന് ഒമ്പതുമുഴം ഏറ്റം' എന്നാണ് പഴമക്കാർ പറയുക. എത്ര ഉയരത്തിലേക്കു പടർത്തുന്നുവോ അത്രയും വലിയകാച്ചിൽ കിട്ടാനാണ് ഇങ്ങനെ ചെയ്യുന്നത്. അതിനായി വലിയ മരങ്ങളിലേക്കും, കവുങ്ങുകളിലേക്കും കാച്ചിൽ വള്ളികൾ പടർത്താറുണ്ട്. വൃശ്ചികത്തിലാണ് കാച്ചിൽ വിളവെടുക്കുന്നത്. സാധാരണ ഓണാട്ടുകരയിൽ ചെയ്യുന്ന കാച്ചിൽ ഇനങ്ങൾ വടക്കൻ, മുറംചാരി, വെള്ളക്കാച്ചിൽ, നീലകാച്ചിൽ എലിവാലൻ, പാല എന്നിവയാണ്.

മീനം ഒടുവിൽ മേടം ആദ്യമാണ് വെട്ടുചേമ്പുകൃഷി. അതിനായി ഒന്നരയടി ആഴത്തിലും, ചുറ്റളവിലുമുള്ള കുഴികൾ എടുക്കുന്നു. തടയും വിത്തും നടാൻ ഉപയോഗിക്കും തടയാണെങ്കിൽ 100 ഗ്രം വലുപ്പമുള്ള പൂളുകളാക്കും. ഈ പൂളുകൾ പാകി കിളിർപ്പിച്ചാണ് നടുക. വിത്തുകളാണെങ്കിൽ നേരിട്ടു തടത്തിൽ നടുന്നു. നട്ട് ചാണകപ്പൊടി ഇട്ടതിനുശേഷം കരിയില കൊണ്ടു പുതയിടും. ധനുമാസം ഒടുവിൽ മകരം ആദ്യത്തിലുമായി വിളവെടുക്കും. സാധാരണ ഇനങ്ങൾ നീലച്ചേമ്പ്, വെള്ളച്ചേമ്പ് .

മറ്റൊരു ചേമ്പുകാലവുമുണ്ട്, തുലാചേമ്പ്.ഇതു ചെറു ചേമ്പാണ്. മേടം പത്തിനാണ് കൃഷിയിറക്കുക. ഒരടി താഴ്ചയിലും മുക്കാൽ അടി വ്യാസത്തിലുമുള്ള ഒറ്റത്തടം എടുത്ത് വിത്തുകളാണ് നടുന്നത്. നട്ടതിനു ശേഷം ഒരു ചിരട്ട അളവ് ചാണകപ്പൊടിയും കുറച്ച് കരിയിലയും ഇട്ട് മണ്ണിട്ട് മൂടുന്നു. കന്നി-തുലാമാസത്തിലാണ് ചെറു ചേമ്പിന്റെ വിളവെടുപ്പ്.

കൂടാതെ മേടത്തിൽ തുടങ്ങി മകരത്തിൽ വിളവെടുക്കുന്ന ഇഞ്ചി കൃഷിയും മഞ്ഞൾകൃഷിയും. മേടത്തിൽ തുടങ്ങി മീനത്തിൽ വിളവെടുക്കുന്ന കസ്തൂരി മഞ്ഞൾ കൃഷിയും ധാരാളമായുണ്ട്.

മീനത്തിൽ തുടങ്ങുന്ന വഴുതിന കൃഷി, ചേന പിഴുത ആ തടത്തിൽ പയർ കൃഷി, വൃശ്ചികം-ധനുവിൽ അരഞ്ഞാണപ്പയറും, കുരുത്തോലപ്പയറും കൃഷി ചെയ്ത് മേടത്തിൽ അവസാനിപ്പിയ്ക്കും. പയർ തടത്തിൽ മേടം മുതൽ വെണ്ട കൃഷി തുടങ്ങി ഓണക്കാലത്ത് അവസാനിയ്ക്കുന്നു. തുടർന്ന് പാവൽ കൃഷി ചിങ്ങത്തിൽ തുടങ്ങിയിരിക്കും.

ഇവയ്ക്കുപുറമേ മിക്കവാറും എല്ലാ മാവിനങ്ങളും ധാരാളമായി ഓണാട്ടുകരയിൽ ഉണ്ടായിരുന്നു. പ്ലാവും ആഞ്ഞിലിയും, കശുമാവും ഒക്കെയായി സമൃദ്ധം.

മരിച്ചീനി കൃഷിയും ഏറെയുണ്ട് ഇവിടെകാണാം എപ്പോഴും മരിച്ചീനി നടുന്നതും, വിളവെടുക്കുന്നതും

പാഴ്മരങ്ങളിലൊക്കെ കുരുമുളകും കൃഷിചെയ്തു പോരുന്നു. കവുങ്ങും ധാരാളമായുണ്ട്. വെറ്റില കൃഷിയും ഉപജീവന കൃഷിഎന്നു പറയാം. ഓണാട്ടുകര വെറ്റില ഏറെ പ്രസിദ്ധമാണല്ലോ.

നാളീകേരത്തിന്റെ നാടാണല്ലോ ഓണാട്ടുകര കൊപ്രയും, വെളിച്ചെണ്ണയും, തൊണ്ടഴുക്കലും, കയർ എരിയും, കള്ളു ചെത്തും ഒക്കെ വലിയൊരു തൊഴിൽ മേഖലയായിരുന്നു കഴിഞ്ഞ കാലങ്ങളിൽ.

ഗതകാല സ്മൃതികളെ അവശേഷിപ്പിച്ചുകൊണ്ട് ഇപ്പോഴും ഓണാട്ടുകരയിൽ അങ്ങിങ്ങായി ഈ കാഴ്ചകലക്കെ സജീവമാണ്. എങ്കിലും ഓണാട്ടുകരയിലെ കാർഷിക പെരുമയും, നിറസമൃദ്ധിയും വീണ്ടെടുക്കുവാൻ നമുക്കിനി കഴിയുമോ എന്നാണു സന്ദേഹം!

*കൃഷി ആഫീസറാണ് ലേഖകൻ*



10-ാം പേജിൽ നിന്നും തുടർച്ച




എന്നീ രണ്ട് ആചാരശീലങ്ങളിലൂടെ ആയുർവേദം വിശദമാക്കുന്നു.

## ദിനചര്യ

ഓരോ ദിവസവും തുടങ്ങേണ്ടത് സ്വന്തം ആരോഗ്യത്തെ കൃത്യമായി വിലയിരിത്തിയിട്ടുവേണം എന്നാണ് ആയുർവ്വേദം പറയുന്നത്. ഇങ്ങനെ പറയുന്ന ഏക ആരോഗ്യ ശാസ്ത്രവും ആയുർവേദമാകുന്നു. ദിനചര്യകൾ തുടങ്ങുമ്പോഴാണ് ആയുർവ്വേദം ഇപ്രകാരം പറയുന്നത്.

ഉണരേണ്ടത് എപ്പോൾ - കൃത്യമായ ആരോഗ്യത്തിന് ബ്രാഹ്മമുഹൂർത്തതിൽ ഉണരുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ബ്രാഹ്മമുഹൂർത്തമെന്നാൽ സൂര്യോദയത്തിന് 1½ മണിക്കൂർ മുൻപ്. ഇത് ശീലമാക്കിയിട്ടുള്ളവരുടെ എല്ലാ അവയവ വ്യവസ്ഥകളും സുസ്ഥിതിയിലായിരിക്കും. ഒരു ദിവസത്തെ എല്ലാ കാര്യങ്ങൾ ചെയ്തുതീർക്കുന്നതിനും ആവശ്യത്തിന് സമയം ലഭിക്കുന്നു. ദഹനവ്യവസ്ഥ ഏറ്റവും ആരോഗ്യകരമായിരിക്കും. ഒരു പ്രചോദനവുമില്ലാതെ തന്നെ ആരോഗ്യ പചനസംവിധാനം കൃത്യമായിരിക്കുകയും ചെയ്യുന്നു.

## ദന്തധാവനം എപ്രകാരം

പല്ലുതേക്കൽ, അതിനുപയോഗിക്കുന്ന പേസ്റ്റുകൾ ഒക്കെ വളരെയധികം വ്യാപാരവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ പല്ലുകളുടെ വൃത്തിക്കുപരി ആരോഗ്യപാലനം എന്ന ഒരു കാര്യം പലപ്പോഴും മലയാളി മറക്കുന്നു. പല്ലുതേക്കാൻ ഉപയോഗിക്കുന്ന ഔഷധങ്ങൾ ചവർപ്പ്, കയ്പ്പ്, എരിവ് രസപ്രധാനമായിരിക്കണം. മധുരരസം കഴിവതും ഒഴിവാക്കുക. മോണകളെ ഹനിക്കാത്ത തരത്തിൽ മൃദുവും ശുചിയുമായുള്ള ബ്രഷ് ഉപയോഗിക്കുക. അധികം രാസവസ്തുക്കൾ അടങ്ങിയ പേസ്റ്റുകൾ വൃത്തിയോടൊപ്പം രോഗവും പ്രദാനം നൽകുന്നു. ഓരോ ആഹാരത്തിനു ശേഷവും വായ് വൃത്തിയായി കഴുകുക, പുളിരസമുള്ള പാനീയങ്ങൾ അധികം പല്ലിൽ തട്ടാത്ത വിധം കുടിക്കുക. ചൂടുള്ള ആഹാരം കഴിക്കുകയോ കുടിക്കുകയോ ചെയ്ത ഉടൻ വായിൽ തണുത്ത വെള്ളം കൊള്ളരുത്. അശുദ്ധജലം പ്രത്യേകിച്ച് മഴക്കാലത്ത് വായിൽ കൊള്ളരുത്. വായ്ക്കുള്ളിൽ മുറിവോ വ്രണമോ ഉള്ളവർ കൂടുതൽ ശ്രദ്ധിക്കുക. ദന്താരോഗ്യം ഹൃദയാരോഗ്യത്തിന്റെയും സൂചനയാണ്.

## കുളിയുടെ പ്രാധാന്യം

കേരളീയർ കുളിയുടെ കാര്യത്തിൽ മുന്നിലാണ്. ഏറ്റവും കൂടുതൽ സൗന്ദര്യവർദ്ധക ആയുർവ്വേദ സോപ്പുകൾ വിപണിയിൽ ഉള്ളത് കേരളത്തിലാണ്. രാസഘടകങ്ങൾ കുറഞ്ഞ സോപ്പ് ഉപയോഗിക്കുക. സോപ്പ് ഒരിക്കലും സൗന്ദര്യ വർദ്ധക വസ്തു അല്ല. സോപ്പുവെള്ളത്തിൽ മുങ്ങി കുളിക്കരുത്. വളരെ തണുത്ത വെള്ളത്തിൽ കുളിക്കരുത്. തലയിൽ ചൂടുവെള്ളം ഒഴിക്കരുത്, തലയോട്ടിയും മുടിയും വൃത്തിയാക്കുവാൻ ശ്രദ്ധിക്കുക. സോപ്പ് നന്നായി കഴുകി കളയുകയും വേണം.

കുളി കഴിഞ്ഞാൽ ഈർപ്പം നന്നായി തുടച്ചു മാററുക. രോഗാണുക്കൾക്ക് ഈർപ്പം ഏറെ ഇഷ്ടമാണ്. ഈർപ്പം നിന്നാൽ തൊലിപ്പുറത്ത് രോഗങ്ങൾ, ശ്വാസരോഗങ്ങൾ ഇവയും ഉണ്ടാകുന്നു. ഈർപ്പമുള്ള വസ്ത്രങ്ങൾ ധരിക്കാതിരിക്കുവാനും ശ്രദ്ധിക്കുക. ഭക്ഷണശേഷം ഉടനെയുള്ള കുളി ആരോഗ്യകരമല്ല.

കുളി വെറും വൃത്തിയാകൽ മാത്രമല്ല എന്ന് ആയുർവ്വേദശാസ്ത്രം പറയുന്നു. വിശപ്പ് കൂട്ടുന്നു, ആരോഗ്യദായകമാണ്, ഊർജ്ജദായകവും ബലദായകവുമാണ്

നേത്രരോഗമുള്ളവർ, പക്ഷാഘാതം, വായ്ക്കുള്ളിൽ രോഗമുള്ളവർ, ചെവിയിൽ രോഗാണു

ബാധയുള്ളവർ, വയറിളക്കരോഗികൾ, ദന്തരോഗികൾ, ശക്തമായ പീനസരോഗമുള്ളവർ ഇവരൊക്കെ കുളിക്കുന്നതിനു മുൻപെ ഡോക്ടറുടെ ഉപദേശം തേടണം. കുളിക്കുന്നതിന് മുൻപ് എണ്ണ തേച്ച് മൃദുവായി തേച്ച്പുരട്ടൽ, വ്യായാമം, ആരോഗ്യസ്ഥിതിക്കനുസൃതമായി -ഔഷധയുക്തമായ ചൂർണ്ണങ്ങൾ തിരുമൽ ഇവയും നല്ലതാണ്.

## പകർച്ചവ്യാധികളും ആയുർവ്വേദവും

രോഗാണുസിദ്ധാന്തത്തിനൊക്കെ എത്രയോ മുൻപ് ആർഷഭാരതസംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്ന ആരോഗ്യശാസ്ത്രമായ ആയുർവ്വേദം പകർച്ചവ്യാധികളെക്കുറിച്ച് വളരെ വിശദമായി വിവരിച്ചിരിക്കുന്നു. ഇന്ന് പകർന്നുപിടിക്കുന്ന പല രോഗങ്ങളുടെയും വർണ്ണന ഈ ശാസ്ത്രത്തിൽ ലക്ഷണയുക്തമായി ഉണ്ട് താനും.

രോഗിയുമായി അടുത്ത് ഇടപെടൽ, രോഗിയുടെ ശരീരവുമായുള്ള സമ്പർക്കം, ഉച്ഛ്വാസവായുവിലൂടെയും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിലൂടെ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഇവ പങ്കുവയ്ക്കുന്നതിലൂടെ ഒക്കെ പകരുന്നു. ഒരു കൂട്ടം രോഗങ്ങളെയും അവയുടെ ചികിത്സയും അവ അധികരിക്കാതിരിക്കുവാനുള്ള പ്രതിരോധമാർഗങ്ങളെയും ആയുർവ്വേദം പറയുന്നു.

മഴക്കാലത്ത് വായുവിലൂടെയും വെള്ളത്തിലൂടെയും വിസർജ്യത്തിലൂടെയും ആഹാരത്തിലൂടെയും രോഗങ്ങൾ പകരുന്നു. ആയതിനാൽ വ്യക്തിശുചിത്വം വളരെ പ്രാധാന്യമർഹിക്കുന്നു.

ഋതുക്കളുടെ കാര്യത്തിൽ വർഷഋതു (മഴക്കാലം) ശരീരബലം കുറഞ്ഞ കാലവും, രോഗബലം കൂടിയ കാലവുമാണ്. മഴക്കാലാരംഭത്തിൽ തന്നെ ദഹനസുസ്ഥിതിക്ക് വേണ്ടി ഔഷധസേവയിലൂടെ മൃദുവായി വയറിളക്കാവുന്നതാണ്. രോഗപ്രതിരോധത്തിനായി കൃത്യമായും പാദരക്ഷകൾ ഉപയോഗിക്കുക. ഈർപ്പാംശം കുറയ്ക്കുന്നതിനും രോഗാണുസംക്രമണം ഒഴിവാക്കുന്നതിനും വീടും പരിസരവും വസ്ത്രങ്ങളും ധൂപനം ചെയ്യുക. കൃത്യമായ ശുചിത്വ ശീലങ്ങൾ പാലിക്കുക.







പന്നിപ്പനിയും എബോളയും ഒന്നും നമുക്കും അന്യമല്ല. ആയതിനാൽ നമ്മുടെ ചെറിയ അശ്രദ്ധ വലിയ വിപത്തുകൾ വരുത്താതിരിക്കുവാൻ ചുമയ്ക്കുമ്പോൾ മറച്ച് ചുമയ്ക്കുക, സംസാരിക്കുമ്പോൾ, തുപ്പുമ്പോൾ ഒക്കെ പുറത്തു വരുന്ന രോഗാണുനിയന്ത്രണം അതുവഴി സാധ്യമാകുന്നു. പൊതുവായുള്ള ആരോഗ്യനിയമങ്ങൾ, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളിലെ നോട്ടീസുകൾ അവയിലെ ചട്ടങ്ങൾ ഇവയൊക്കെ കൃത്യമായി പാലിക്കുക

## കൈകളുടെ ശുചിത്വം

ഏറ്റവും ആരോഗ്യകരമായ ചുറ്റുപാടുമായി സമ്പർക്കമുള്ള ശരീരഭാഗമാണ് കൈകൾ. രോഗാണുക്കളുടെയും രോഗാണുവാഹകരുടെയും നല്ലൊരു സഞ്ചാരമാർഗമാണ് കൈകൾ. നഖങ്ങൾ കൃത്യമായി മുറിച്ച് വൃത്തിയായി സൂക്ഷിക്കുക, പ്രത്യേകിച്ചും കുട്ടികൾ. ആഹാരത്തിനു മുൻപും ശേഷവും കൈകൾ നന്നായി കഴുകുക. ശൗച്യകർമ്മങ്ങൾക്ക് ശേഷവും കൈകൾ നന്നായി കഴുകുക.

- കൈകഴുകലിലെ സ്റ്റെപ്പുകൾ കൃത്യമായി പാലിക്കുക.
- കൈകളിലുള്ള വാച്ച്, മോതിരം ഇവ മാറ്റി നന്നായി രോഗനാശക സോപ്പും വെള്ളവും കൊണ്ട് കൈ നനയ്ക്കുക.
- കൈകൾ തമ്മിൽ നന്നായി ഉരസുക
- വിരലുകൾക്കിടയിൽ ഉരസുക
- തള്ളവിരലുകൾ നന്നായി തിരുമ്മുക
- നഖങ്ങളിലും നന്നായി തിരുമുക
- നഖങ്ങൾ കൈവെള്ളയിൽ നന്നായി ഉരസി കഴുകുക
- വിരലുകളെ പുറംവശം വൃത്തി

യാക്കുക
- മണിബന്ധങ്ങൾ (wrist) വൃത്തിയാക്കുക
- കഴുകിയ കൈകൾ ഉണക്കുക
- രോഗപകർച്ച സാധ്യതയുള്ള സന്ദർഭങ്ങളിൽ നമസ്തേ മതി shakehand വേണ്ട

## പ്രത്യേകം ശ്രദ്ധിക്കുക

- മുറിവുകൾ, വ്രണങ്ങൾ ഇവ കൃത്യമായി ചികിത്സിക്കുക
- മലിനജലവുമായുള്ള സമ്പർക്കം ഒഴിവാക്കുക
- രോഗബാധയുണ്ടായാൽ കൃത്യമായ വിശ്രമം പാലിക്കുക
- തൂവാലകൾ, രോഗി ഉപയോഗിക്കുന്ന സാധനസാമഗ്രികൾ ഇവ കൃത്യമായി തിളപ്പിച്ച വെള്ളത്തിൽ കഴുകി ഉണക്കുക

## കുട്ടികൾ ശ്രദ്ധിക്കുക

ഇവരിൽ രോഗബാധ സാധ്യത കൂടുതലാണ്. ചെറിയ അശ്രദ്ധക്കു പോലും വലിയ വില കൊടുക്കേിവരും. പൊതുവെ ശുചിത്വശീലങ്ങൾ അനുസരിപ്പിക്കാൻ പ്രയാസമാണ്. സ്കൂളിലും സമൂഹത്തിലുമുള്ള ശുചിത്വശീലങ്ങൾ ശീലിപ്പിക്കുക. മഴവെള്ളത്തിലും മലിനജലത്തിലുമായുള്ള സമ്പർക്കം ഒഴിവാക്കാൻ ശ്രദ്ധിക്കുക. പുറത്തെ പാദരക്ഷകൾ അകത്ത് വേണ്ട. കുട്ടികളിലുള്ള രോഗബാധ മറ്റ് അവയവ വ്യവസ്ഥകളെ പെട്ടെന്ന് ബാധിക്കുന്നു.

## പ്രായാധിക്യമുള്ളവർ

പൊതുവെ രോഗപ്രതിരോധശേഷി കുറവായിരിക്കും. രോഗാതുരത ഉണ്ടെങ്കിൽ ശുചിത്വശീലങ്ങൾക്ക് ആശ്രയത്വം വേണ്ടി വരുന്നു. ആയതിനാൽ കൂടുതൽ ശ്രദ്ധ വേണ്ടി വരുന്നു.

## പ്രമേഹരോഗികൾ

- രോഗാണുബാധ സാധ്യത കൂടുതൽ ഉള്ള കൂട്ടരാണ്.
- പാദങ്ങളുടെ ശുചിത്വം വളരെ പ്രധാനം
- വ്രണങ്ങൾ വരാതിരിക്കുവാൻ ശ്രദ്ധിക്കുക
- വ്രണങ്ങൾ വന്നാൽ കൃത്യമായി വൃത്തിയാക്കുവാനും ചികിത്സിക്കുവാനും ശ്രദ്ധിക്കുക
- പ്രമേഹരോഗികൾ ദിവസവും പാദാഭ്യംഗ്യം ശീലിക്കുക






- ത്രിഫലകഷായം കൊണ്ട് പാദങ്ങൾ കഴുകി ഉണക്കാം
- ശുചിത്വത്തോടൊപ്പം വ്യായാമവും ശ്രദ്ധിക്കുക

ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ, ആസ്ത്മ തുടങ്ങി രോഗപ്രതിരോധശേഷി കുറഞ്ഞ കൂട്ടർ ശുചിത്വശീലങ്ങൾ കൂടുതൽ പാലിക്കുക. എലിപ്പനി പോലെയുള്ള രോഗബാധിത സാധ്യത കൂടിയ ഒരു ഗ്രൂപ്പുകാരാണ് തൊഴിലുറപ്പ് ജീവനക്കാർ. അവർ വെള്ളത്തിൽ പണിയെടുക്കുന്നതിന് മുൻപും ശേഷവും ശരീരത്തിൽ മുറിവുകൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക. മുറിവുകൾ ഉണ്ടാകാൻ സാധ്യതയുള്ള ജോലികൾ ഗ്ലൗസ് ഉപയോഗിച്ച് ചെയ്യുക. കൂട്ടമായി ജോലി ചെയ്യുന്നതിനാൽ ഇവരിൽ രോഗസംക്രമണ സാധ്യത കൂടുതലാണ്. മലിനജലത്തിൽ ജോലിചെയ്യുമ്പോൾ കാൽ വിള്ളൽ ഉണ്ടെങ്കിൽ സംരക്ഷിത പാദരക്ഷകൾ ഉപയോഗിക്കുക. ജോലിക്ക് ശേഷം ശരീരശുചിത്വം വരുത്തി ഡോക്ടറുടെ നിർദ്ദേശപ്രകാരം ലേപനങ്ങളും ധൂപനങ്ങളും ഉപയോഗിക്കുക.

പക്ഷികളും മൃഗങ്ങളുമായി സമ്പർക്കമുള്ളപ്പോൾ ഗ്ലൗസ് ഉപയോഗിക്കുക. വിസർജ്യവുമായുള്ള സമ്പർക്കം കുറയ്ക്കുക. പക്ഷികളുടെ ഇറച്ചി, മുട്ട, പക്ഷിവളം ഇവയുമായി സമ്പർക്കമുള്ളവരും കൃത്യമായി ശുചിത്വശീലങ്ങൾ പാലിക്കുക. ശക്തമായ ബാഹ്യഘടകങ്ങളും വ്യക്തിശുചിത്വ കുറവും പ്രതിരോധശേഷി ഇല്ലായ്മയും രോഗസാധ്യത കൂട്ടുന്നു. രോഗകാരകങ്ങൾ എത്ര തന്നെ ശക്തമായിരുന്നാലും കൃത്യമായ ശുചിത്വ ശീലങ്ങളും പ്രതിരോധ സംവിധാനങ്ങളും വഴി മഴക്കാലരോഗങ്ങളെ ചെറുത്ത് രോഗാതുരത കുറയ്ക്കുവാനായി ശ്രദ്ധിക്കുക. കേരളം വീണ്ടും മഴരോഗങ്ങൾക്ക് അടിമപ്പെടാതിരിക്കട്ടെ.

അമീർഷ ആർ.എസ്.

# സ്വരാജ് ഭവൻ

## മാലിന്യ സംസ്കരണത്തിന്റെ ഉദാത്ത ഓഫീസ് മാതൃക

സർക്കാർ സർക്കാരിതര ഓഫീസുകൾക്ക് അനുകരണീയമായ മാലിന്യ പരിപാലന മാതൃകയുമായി 'മാലിന്യമുക്ത സ്വരാജ് ഭവൻ പദ്ധതി'. ശുചിത്വമിഷൻ സംസ്ഥാന ഓഫീസ് ഉൾപ്പെടെ തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ സംസ്ഥാന ഓഫീസുകൾ പ്രവർത്തിക്കുന്ന സ്വരാജ് ഭവൻ കെട്ടിട സമുച്ചയത്തിലാണ് പ്രസ്തുത പദ്ധതി മാലിന്യ പരിപാലനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്. മൂന്ന് ഘട്ടമായാണ് പദ്ധതി തുടങ്ങിയത്. 6 നിലകളിലായി പ്രവർത്തിക്കുന്ന സ്വരാജ് ഭവനിൽ 11 ഓഫീസുകളിലായി 500 ഓളം ജീവനക്കാരുണ്ട്. എന്നാൽ സ്വരാജ് ഭവൻ സ്ഥിതി ചെയ്യുന്ന ആകെ സ്ഥലത്തിന്റെ 85 % ഉം കെട്ടിടം സ്ഥിതി ചെയ്യുന്നു. ബാക്കി സ്ഥലത്തിന്റെ 90 % ഉം പാർക്കിംഗ് ഏരിയയാണ്. ഈ സ്ഥിതി വിലയിരുത്തിയാണ് ശുചിത്വമിഷൻ സ്വരാജ് ഭവനിലേയ്ക്കുള്ള മാലിന്യ പരിപാലന മാതൃക തയ്യാറാക്കിയത്. കൃത്യമായ ആസൂത്രണത്തിലൂടെ മാത്രമേ മാലിന്യപരിപാലന പ്രവർത്തനം വിജയമാക്കുവാൻ കഴിയൂ. അതിനാൽ നിലവിലെ സ്ഥിതി പഠന വിധേയമാക്കി എത്രമാത്രം ജൈവ/അജൈവ മാലിന്യം പ്രതിദിനം സ്വരാജ് ഭവനിൽ ഉറവെടുക്കുന്നു. അജൈവം എന്തുതരം, തരംതിരിച്ചെടുക്കുന്ന ശീലമുണ്ടോ? മാലിന്യം ശേഖരിക്കാൻ എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട്, ജീവനക്കാരുടെ മനോഭാവം എങ്ങനെയെന്ന കാര്യങ്ങൾ മനസിലാക്കുകയും





അതിന്റെയടിസ്ഥാനത്തിൽ ഏറ്റവും ലളിതമായി ചെലവുകുറഞ്ഞ മാതൃകയിൽ ജീവനക്കാരുടെ പൂർണ്ണസഹകരണം ഉറപ്പാക്കി 'മാലിന്യ മുക്ത സ്വരാജ് ഭവൻ' പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുകയുണ്ടായി. ജീവനക്കാരുടെയും, ഉയർന്ന ഉദ്യോഗസ്ഥരുടേയും നിസീമമായ സഹകരണമാണ് പദ്ധതിയുടെ വിജയത്തിന് പിന്നിൽ. ദിനംപ്രതി സ്വരാജ് ഭവൻ ഓഫീസ് പരിസരത്ത് കുമിഞ്ഞ് കൂടികൊണ്ടിരുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിന് വേണ്ടി ശുചിത്വമിഷന്റെ അഭ്യർത്ഥന പ്രകാരം ഗ്രാമവികസന കമ്മീണറായിരുന്ന ശ്രീ.മോഹൻകുമാർ ഐ.എ.എസ്ന്റെ അദ്ധ്യക്ഷതയിൽ കൂടിയ സ്വരാജ് ഭവൻ എസ്റ്റേറ്റ് കമ്മറ്റി മീറ്റിംഗിലെ തീരുമാന പ്രകാരമാണ് പദ്ധതിയ്ക്ക് തുടക്കമിടുന്നത്.

ആദ്യഘട്ടമായി സ്വരാജ് ഭവനിലെ എല്ലാ ജീവനക്കാർക്കും ശുചിത്വമിഷന്റെ നേതൃത്വത്തിൽ പരിശീലനം, ലഘുലേഖ വിതരണം കൂടാതെ മാലിന്യപരിപാലന പ്രോട്ടോകോളും ബോധ്യപ്പെടുത്തി. രണ്ടാം ഘട്ടത്തിൽ ഓരോ ഓഫീസുകളിലേയും ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി എല്ലാ നിലകളിലും ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളും, പേപ്പർ, പ്ലാസ്റ്റിക്, ഇലക്ട്രോണിക് തുടങ്ങിയ മാലിന്യങ്ങൾ വൃത്തിയാക്കി വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കി. ബോധവൽക്കരണ ക്ലാസുകളിലെ നിർദ്ദേശപ്രകാരം ജീവനക്കാർ ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് അതാത് ബിന്നുകളിൽ നിക്ഷേപിക്കുന്നതിലൂടെ പദ്ധതി പ്രവർത്തനം സുഗമമായി. എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങൾക്കും സ്വരാജ് ഭവനിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ജീവനക്കാർ ആഹാരവും, വെള്ളവും കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങളിൽ കൊണ്ടുവരാനും സ്വമേധയാ തയ്യാറായതിനാൽ പ്ലാസ്റ്റിക് ഡിസ്പോസിബിൾ മാലിന്യത്തിന്റെ അളവ് നല്ല രീതിയിൽ കുറയ്ക്കുന്നതിന് സാധിച്ചു. ഒപ്പം






തന്നെ സ്വരാജ് ഭവനിൽ നടത്തപ്പെടുന്ന എല്ലാ മീറ്റിംഗുകൾക്കും ശുചിത്വമിഷൻ തയ്യാറാക്കിയ ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കിയതിലൂടെ ഡിസ്പോസിബിൾ ഫ്രീയാക്കി മാറ്റുന്നതിന് സാധിച്ചു. യോഗങ്ങളിൽ ആഹാരം ബുഫെ സംവിധാനത്തിൽ വിതരണം ചെയ്യുകയും, ചായ, വെള്ളം തുടങ്ങിയവയുടെ വിതരണം സ്റ്റെയിൻലസ് സ്റ്റീൽ ഗ്ലാസുകളിലുമാക്കിയത് പദ്ധതി നടത്തിപ്പിന് ആക്കം കൂട്ടി.

മൂന്നാംഘട്ടത്തിൽ കമ്പോസ്റ്റിംഗിലൂടെ ജൈവവളം ഉണ്ടാക്കുന്നതിനും സ്വരാജ് ഭവനിലെ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ബക്കറ്റ് കമ്പോസ്റ്റ് യൂണീറ്റുകളിലെ ജൈവമാലിന്യം പകർന്ന് മാറ്റി കമ്പോസ്റ്റിംഗ് പൂർണ്ണമാക്കാനായി സ്വരാജ് ഭവൻ പാർക്കിംഗ് ഏരിയക്കരികിലായി 6 റിംഗ് കമ്പോസ്റ്റ് യൂണീറ്റുകൾ കൂടി ശുചിത്വമിഷൻ സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളിൽ നിന്നും എടുക്കുന്ന ജൈവവളം സ്വരാജ് ഭവൻ പരിസരത്ത് തന്നെ ഗ്രോ ബാഗുകൾ ഉപയോഗിച്ച് ജീവനക്കാരുടെ സഹായത്തോടെ ജൈവ പച്ചക്കറി കൃഷിയും ആരംഭിച്ചു. പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ മാസത്തിലൊരിക്കൽ അവ ശേഖരിക്കുന്ന പാഴ്വസ്തു വ്യാപാരികൾക്കും ഇ-മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്കും നൽകി വരുന്നു. കൂടാതെ പദ്ധതിയുടെ തുടർന്നുള്ള വിജയത്തിനും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനത്തിനും വേണ്ടി ഗ്രീൻ പ്രോട്ടോകോൾ സന്ദേശം ആലേഖനം ചെയ്ത് തുണിയിലും പേപ്പറിലും നിർമ്മിച്ച ബാനറുകളും, പോസ്റ്റ








റുകളും, ഹോർഡിംഗുകളും എല്ലാ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

വിവിധതരം ജൈവമാലിന്യ സംസ്കരണ ഉപാധികളും അജൈവ മാലിന്യ സംഭരണ സംവിധാനവും ഉൾപ്പെടുത്തി ഒരു മാതൃകാ ബയോപാർക്ക് കൂടി നിർമ്മിക്കുവാനുള്ള ഉദ്യമത്തിലാണിപ്പോൾ ശുചിത്വമിഷൻ. പ്രസ്തുത ബയോപാർക്കിൽ എല്ലാത്തരം ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടേയും പ്രവർത്തന മാതൃക ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നേരിട്ട് കണ്ട് മനസിലാക്കുന്നതിനുള്ള ഡെമോൺസ്ട്രേഷൻ കം എക്സിബിഷൻ സംവിധാനമായാണ് ഒരുക്കുന്നത്. ഈ മാതൃകാ പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ സർക്കാരിത സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ശുചിത്വമിഷൻ ലക്ഷ്യമിടുന്നത്. ഇതിനോടകം തന്നെ ശുചിത്വമിഷന്റെ സാങ്കേതിക സാമ്പത്തിക പിന്തുണയോടെ കേരള നിയമസഭയിൽ ബയോപാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗവ.സെക്രട്ടറിയേറ്റും, തിരുവിതാംകൂർ ദേവസ്വം ബോർഡും, ടാക്സ് ഭവനും കൂടാതെ മറ്റനേകം സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളും, സ്കൂളുകളും 'മാലിന്യ മുക്ത സ്വരാജ് ഭവൻ പദ്ധതിയുടെ' ചുവട് പിടിച്ച് ശാസ്ത്രീയ മാലിന്യ പരിപാലന പദ്ധതികൾക്ക് തുടക്കം കുറിച്ചത് ശുചിത്വമിഷന്റെ പ്രവർത്തനത്തിന് മുതൽ കൂട്ടാണ്.

മാലിന്യമുക്ത കേരളത്തിനായ് ഒരുമിച്ച് കൈകോർത്താൽ മാലിന്യം സംസ്കരിക്കുന്നതിലൂടെ വിഷരഹിത പച്ചക്കറികളും നമുക്ക് സ്വന്തമാക്കാം.

നമ്മുടെ കേരളം ശുചിത്വ സുന്ദര കേരളം.

*ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസറാണ് ലേഖകൻ*

# വാർത്തകളും വിശേഷങ്ങളും

## വകുപ്പ് തലവൻമാരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻമാരുടെ പ്രതിനിധികളുടേയും യോഗം

പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്), പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ , ഗ്രാമവികസന കമ്മീഷണർ, ചീഫ് ടൗൺ പ്ലാനർ, ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി), സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഐ.കെ.എം) എന്നിവരുടെ യോഗം 14.06.2016ന് രാവിലെ 10.00 മണിക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസ്സിയേഷൻ പ്രസിഡന്റ്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്സ് അസോസ്സിയേഷൻ പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസ്സിയേഷൻ പ്രസിഡന്റ്, മുൻസിപ്പൽ ചെയർമാൻസ് അസോസ്സിയേഷൻ പ്രസിഡന്റ്, മേയേർസ് അസോസ്സിയേഷൻ പ്രസിഡന്റ് എന്നിവരുടെ യോഗം 14.06.2016ന് വൈകുന്നേരം 3.00 മണിക്കും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലും സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സാധ്യത പഠനത്തിന് യഥേഷ്ടാനുമതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും മേൽക്കൂരയ്ക്ക് മുകളിലായി 25ഗണ ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സാധ്യതപഠനം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത്ഫണ്ടിൽ നിന്നും 2000/- രൂപ(രണ്ടായിരം രൂപ മാത്രം) കമ്മിറ്റി തീരുമാനത്തിന് വിധേയമായി സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. (സർക്കാർ ഉത്തരവ് (സാധാ) 1863/16/തസ്വഭവ തീയതി: 07.06.2016).

## മാലിന്യമുക്ത കേരളം– മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടിക്ക് ചെലവനുവാദ ഭേദഗതി ഉത്തരവ്

മൺസൂൺ പൂർവ്വകാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നോ ജനറൽപർപ്പസ് ഫണ്ടിൽ നിന്നോ തുക ചെലവഴിക്കാൻ കഴിയാത്ത ഗ്രാമപഞ്ചായത്തുകൾക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകികൊണ്ട് ഉത്തരവായി. (സർക്കാർ ഉത്തരവ് നമ്പർ. 1850/2016/തസ്വഭവ തീയതി:04.06.2016).

## സ്ക്കൂളുകളിൽ പെൺകുട്ടികൾക്കായി പ്രത്യേക ടോയ്‌ലറ്റ്

സ്ക്കൂളുകളിൽ പെൺകുട്ടികൾക്കായി പ്രത്യേക സൗകര്യങ്ങളുള്ള ടോയ്‌ലറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ബാലവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗരേഖപുറത്തിറക്കി. (സർക്കുലർ നമ്പർ 84/ഉആ2/2016 തദ്ദേശസ്വയംഭരണ വകുപ്പ് (ഉആ) തീയതി: 25.05.2016).

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസലുകൾ നേരിട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വിഷയങ്ങളിൽ പ്രൊപ്പോസലുകൾ നേരിട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സർക്കുലർ നമ്പർ ഇ.എം 1/124/2015 തസ്വഭവ തീയതി.24.05.2016.

## ജനന–മരണ രജിസ്ട്രേഷൻ –നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്

ജനന-മരണ രജിസ്ട്രേഷൻ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് മറ്റ് രജിസ്ട്രേഷൻ യൂണിറ്റുകളിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതായി ബന്ധപ്പെട്ട നിർദ്ദേശം സംബന്ധിച്ച സർക്കുലർ പുറത്തിറക്കി. (സർക്കുലർ നമ്പർ ആ134679/12 തീയതി: 29.04.2016 പഞ്ചായത്ത് ഡയറക്ടർ)


## അഡ്ഹോക്ക് ഡി.പി.സി കൂടുന്നത് സംബന്ധിച്ച്

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കും, പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം തടയുന്നതിനുമുള്ള പ്രോജക്ടുകൾക്ക് ജില്ലാ പ്ലാനിംഗ് ആഫീസർക്ക് അഡ്ഹോക്ക് ഡി.പി.സി കൂടി അംഗീകാരം നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **June 2016**
Annual Subscription ₹120/-, Published on 20th June 2016
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS